
# ഹൃദയനാദം

## പാരിഷ് ബുള്ളറ്റിൻ



പ്രിയ ജോസഫ് കാപ്പിൽ
അച്ചൻ നിത്യതയിലേക്ക്

ഏഴിമലയിൽ ബഹു. ജയിംസ് മൊന്തനാരിയച്ചന്റെ സ്മൃതികുടീരത്തിൽ
പാരിഷ് കൗൺസിൽ അംഗങ്ങൾ

നവംബർ – ഡിസംബർ 2024 | പുസ്തകം 21 | ലക്കം 03

**സേക്രഡ് ഹാർട്ട് ഫൊറോന ചർച്ച് തിരുവമ്പാടി**



എന്നെന്നും
നിലനിൽക്കുന്ന
ആത്മബന്ധം
THOMARAKKATTIL
Anurag
Jewellery
37 വർഷത്തെ
പാരമ്പര്യവുമായി
സ്വർണ്ണം, ഡയമണ്ട്, വെള്ളി
ആഭരണങ്ങളുടെ ഏറ്റവും
പുതിയ കളക്ഷൻ...
പ്രതിമാസ സമ്പാദ്യ പദ്ധതി.
ഗോൾഡ് ഡെപ്പോസിറ്റ് സ്കീം.
അഡ്വാൻസ് ബുക്കിംഗ്
ഫെസിലിറ്റി.
20 പവൻ സ്വർണ്ണമെടുക്കുന്ന
വിവാഹ പാർട്ടികൾക്ക്
അനുരാഗ് ഓഡിറ്റോറിയം
ഫംഗ്ഷനുവേണ്ടി
1 ദിവസത്തേക്ക് ഫ്രീ.
Near Bus Stand,
THIRUVAMBADY
Ph : 0495 225 22 82
9446 25 63 83, 9747 68 02 42





പുതുമകളോടെ..
27 വർഷത്തെ പാരമ്പര്യവുമായി
കൂടുതൽ സൗകര്യങ്ങളോടുകൂടി
THOMARAKKATTIL
Anurag
AUDITORIUM
Thiruvambady
Ph : 0495 225 2282
9446 25 63 83, 9747 68 02 42
വിശാലമായ കാർപാർക്കിംഗ്
A/c, Non A/c
ചൊവ്വ മുതൽ വെള്ളി വരെ
25% ഡിസ്കൗണ്ട്

# Exciting results of IELTS up to Q3 -2K24 from Garten IELTS!

**The most prestigious overall 8.5 band IELTS result club has been embellished with 11 Gartiens!**

SUCCESS Garten®
Freedom Through Language
Asia's largest exclusive IELTS, OET and PTE training campus!

Overall 8.5



## Garten IELTS Pearl Club Overall 8.5!

Alonsa Ann Thomas
Thiruvambady
Overall-8.5;
L-9, R-9, W-7.5, S-8.5

## Garten IELTS Ruby Club

Overall 8 band Club has achieved total 167 Gartiens, a unique distinction indeed!



Adornisha S. Peter,
Chungathara
L-9, R-8.5, W-7.5, S-7



Afnaj Akthar
Kalpetta
L-9, R-8.5, W-7, S-7



Allen Saju
Nilambur
L-9, R-8, W-7, S-7



Alwin Joseph
Venappara
L-9, R-8, W-7, S-7



Anagh N. Manoj
Calicut
L-9, R-7.5, W-7, S-8



Aneesha Joys
Vettilappara
L-8.5, R-8.5, W-7, S-7.5



Ann Mary Abraham
Kariyathumpara
L-8, R-7.5, W-8, S-8



Brijit Benny
Nellipoyil
L-8.5, R-9, W-7, S-7



Enjoy Mrithun
Chundale
L-8.5, R-8, W-7.5, S-7.5



Harshith R.K.
Kasargodu
L-9, R-9, W-7, S-7.5



Joshin B. Joseph
Thiruvambady
L-9, R-9, W-7.5, S-7



Meryl John
Koodaranhi
L-9, R-7.5, W-7.5, S-7



Nayana Soosan Manoj
Nellipoyil
L-9, R-8.5, W-7, S-7



Nayana Thomas
Koorachund
L-9, R-9, W-7, S-7.5



Rohan Mathew Reji
Calicut
L-8.5, R-8.5, W-7, S-8



Sera Dominic
Kodenchery
L-8.5, R-9, W-7, S-7



Shana Nasreen T.
Medical College
L-8.5, R-9, W-7, S-7.5


**Success Garten®**
14 Years of Linguistic Odyssey
Mathichiparambil Edifice, Thiruvambady.
Mob : 9447814774, 8590038240


*Official partner of* idp | IELTS
British Council
Cambridge University Press

9447 541 586
7994 729 425

# PALA'S CATERERS

## OUTDOOR CATERING SERVICE

HO. PALA, REGIONAL OFFICE. KOZHIKODE
SILVAPURA, HESARGHATTA ROAD,
BANGALORE

KERALA KARNATAKA TAMILNADU









# Better Life
HEALTH CAFE

**PHYSIOTHERAPY**

**FITNESS | REHABILITATION | METABOLIC HEALTH**



സ്ട്രോക്ക് (പക്ഷാഘാതം), നടുവേദന, ഫ്രോസൻ ഷോൾഡർ, മുട്ട് /ഉപ്പൂറ്റി വേദനകൾ, പാർക്കിൻസൺ ഡിസീസ്, സ്പോർട്സ് ഇഞ്ചുറികൾ, ഫേഷ്യൽ പാൾസി, അമിതവണ്ണം/ ഡയബറ്റിസ് /ഹൈ ബ്ലഡ്പ്രെഷർ / കൊളസ്ട്രോൾ ഇവ മൂലമുള്ള ആരോഗ്യ പ്രശ്നങ്ങൾ, വാതരോഗങ്ങൾ, കുട്ടികളിലെ സെറിബ്രൽ പാൾസി അടക്കമുള്ള ചലന വൈകല്യങ്ങൾ, സ്പൈനൽകോഡ് പരിക്കുകൾ, ഓർത്തോപീഡിക് രോഗാവസ്ഥകൾ തുടങ്ങിയവക്ക് പരിചയസമ്പന്നരായ ഫിസിയോ ഡോക്ടർമാരുടെ നേതൃത്വത്തിലുള്ള വിദഗ്ധ ഫിസിയോതെറാപ്പി ചികിത്സ ഇവിടെ ലഭ്യമാണ്. അലർജി, മൈഗ്രെയ്ൻ, വെരിക്കോസ് വെയിൻ എന്നിവയ്ക്ക് പ്രത്യേക ചികിത്സ



## ബെറ്റർ ലൈഫ് ഹെൽത്ത് കഫെ


തറിമറ്റം, തിരുവമ്പാടി, കോഴിക്കോട്.

PH: 8848 020 612, 6282 633 270




*Best wishes & Prayers*

PADAVIL, THOTTUVELIL Families & Fr. Mathew Puthupparampil

Thopramkudi Church

“ഞാൻ ശാന്തശീലനും വിനീതഹൃദയനുമാകയാൽ
എന്റെ നുകം വഹിക്കുകയും എന്നിൽനിന്ന് പഠിക്കുകയും ചെയ്യുവിൻ.
അപ്പോൾ നിങ്ങൾക്ക് ആശ്വാസം ലഭിക്കും.”



# ഹൃദയനാദം

## പാരിഷ് ബുള്ളറ്റിൻ


### എഡിറ്റോറിയൽ ബോർഡ്

**രക്ഷാധികാരി**

**ഫാ. തോമസ് നാഗപറമ്പിൽ**
(വികാരി) : 9446256672

**മാനേജിംഗ് എഡിറ്റർ**

**ഫാ. ആൽബിൻ വിലങ്ങുപാറ**
(അസി. വികാരി) : 9495540820

**ചീഫ് എഡിറ്റർ**

**കെ.റ്റി. ജോസഫ് കുറ്റിക്കാട്ടുമണ്ണിൽ**
Mob : 9946896595

**സബ് എഡിറ്റേഴ്സ്**

**കുര്യാക്കോസ് പുത്തൻപുരയ്ക്കൽ**
Mob : 9846610810

**ലിബീഷ് ജോസഫ് പുരയിടത്തിൽ**
Mob : 9946089047

**സിസ്റ്റർ ജസ്ലിൻ** CMC
Mob : 9072014383

**സജി കളപ്പുരയ്ക്കൽ**
Mob: 9745744985

**ജോസ് ജോസഫ് പുറത്തൂട്ട്**
Mob: 9745434528


### തിരുക്കർമ്മങ്ങൾ

**ഞായർ**

| | | |
|---|---|---|
| 5.45 am | : | വി. കുർബ്ബാന |
| 7.30 am | : | വി. കുർബ്ബാന |
| 10 am | : | വി. കുർബ്ബാന |
| 4.00 pm | : | വി. കുർബ്ബാന |

**തിങ്കൾ – ശനി**

| | | |
|---|---|---|
| 5.45 am | : | ആരാധന, വി. കുർബ്ബാന |
| 7.00 am | : | വി. കുർബ്ബാന |

**വെള്ളി – ശനി**

| | | |
|---|---|---|
| 4.00 pm | : | വി. കുർബ്ബാന |

**ശനി**

| | | |
|---|---|---|
| 4.00 pm | : | വി. കുർബ്ബാന, നൊവേന (യൂദാതദേവൂസ്) |


Printed at : Bright Media Thiruvambady
Ph : 0495 225 5565, 9447365065

പുസ്തകം 21 | ലക്കം 03 | 2024 നവംബർ – ഡിസംബർ



**സേക്രഡ് ഹാർട്ട് ഫൊറോന ചർച്ച് തിരുവമ്പാടി**

താമരശ്ശേരി രൂപത, കോഴിക്കോട് – 673 603 email : vicarshfchurch@gmail.com



# ഉൾപേജുകളിൽ


ഇടയശബ്ദം .......... 09
സ്നേഹപൂർവ്വം കൊച്ചച്ചൻ .......... 11
ഇടവകാ വാർത്തകൾ .......... 12
തീക്ഷ്ണമതിയായ കാപ്പിലച്ചൻ .......... 16
ഓർമ്മയിൽ സൂക്ഷിക്കാൻ .......... 18
സഭാവാർത്തകൾ .......... 19
സംഘടനാവാർത്തകൾ .......... 20
കുടുംബയൂണിറ്റ് വാർഷികം .......... 32
സ്കൂൾ വാർത്തകൾ .......... 38
പ്രിയ ജോസഫ് കാപ്പിലച്ചന് ആദരാഞ്ജലികൾ .......... 40
സി. ലിസി ഇളംതുരുത്തിലിന് ആദരാഞ്ജലികൾ .......... 44
കവിത .......... 46
സ്നേഹം പകർന്ന ഗുരുനാഥ നിത്യതയിലേക്ക് .......... 55
ഭൂമിയിൽ സന്മനസുള്ളവർക്ക് സമാധാനം .......... 58
വിവാഹിതരായി, നവമുകുളങ്ങൾ .......... 60
നിത്യസമ്മാനത്തിനായി .......... 61
വചനം അനുദിന വായനയ്ക്ക് .......... 62


**ഇടവകാ ട്രസ്റ്റിമാർ**

| | |
|---|---|
| തോമസ് പുത്തൻപുരക്കൽ | 9846683160 |
| ജോഫി നടുപ്പറമ്പിൽ | 9745437171 |
| റിജേഷ് മങ്ങാട്ട് | 9207055865 |
| ബൈജു കുന്നുംപുറത്ത് | 9744620763 |

**അക്കൗണ്ടന്റ്**

| | |
|---|---|
| സണ്ണി പെണ്ണാപറമ്പിൽ | 9495293576 |

**ദേവാലയ ശുശ്രൂഷി**

| | |
|---|---|
| വിപിൻ കടുവത്താഴെ | 9562587769 |

**പാരിഷ് സെക്രട്ടറി**

| | |
|---|---|
| തോമസ് വലിയപറമ്പൻ | 9447338652 |





# ഇടയശബ്ദം

മിശിഹായിൽ സ്നേഹം നിറഞ്ഞവരെ...

നവംബർ മാസത്തിൽ സകല മരിച്ചവരുടെയും ഓർമ്മ നമ്മൾ ആചരിക്കുകയാണല്ലോ. മരണം മൂലം നമ്മിൽ നിന്നും വേർപെട്ടുപോയ എല്ലാ ക്രിസ്തീയവിശ്വാസികളുടെയും ആത്മാക്കളെ അനുസ്മരിക്കാനുള്ള അവസരമാണിത്. 'അന്നീദാ' എന്ന സുറിയാനി പദമാണ് മരിച്ച വിശ്വാസികളെ സൂചിപ്പിക്കാൻ സഭ ഉപയോഗിക്കുന്നത്. അതിനാൽ ഈ തിരുനാളിനെ 'അന്നീദാ തിരുനാൾ' എന്നും വിളിക്കുന്നു. തിരുനാളുകളെക്കുറിച്ചുള്ള പഴയ കയ്യെഴുത്ത് പ്രതികളിൽ ഈ തിരുനാളിനെ 'ആദത്തിന്റെ മക്കളുടെ ഓർമ' എന്നും വിളിക്കുന്നുണ്ട്. അതായത് പുതിയനിയമവിശ്വാസികളെ മാത്രമല്ല, പഴയനിയമത്തിൽ ജീവിച്ചിരുന്ന സത്യവിശ്വാസികളുടെയും ഓർമ്മയാചരണം കൂടിയാണ് ഈ തിരുനാൾ. ശുദ്ധീകരണസ്ഥലത്തുള്ള ആത്മാക്കൾക്ക് നമ്മുടെ പ്രാർത്ഥനയും പരിഹാരപ്രവൃത്തികളും ഉപകാരപ്പെടുമെന്നും ദൈവവുമായുള്ള അവരുടെ അകൽച്ചയുടെ തോത് അത് കുറക്കുമെന്നും 'ട്രെന്റ് സൂനഹദോസ്' ഔദ്യോഗികമായി പ്രഖ്യാപിച്ചു. "എന്നാൽ ഏറ്റവും പ്രധാനമായി അവർ സഹായിക്കപ്പെടുന്നത് അൾത്താരയിലെ സ്വീകാര്യമായ ബലി വഴിയാണെന്നും ഈ എക്യുമെനിക്കൽ സൂനഹദോസ് പ്രബോധനം നൽകുന്നു. വിശുദ്ധ തോമസ് അക്വീനാസും അത് ആവർത്തിക്കുന്നുണ്ട്. എന്നാൽ, ജീവിച്ചിരിക്കുമ്പോൾ ഒരാൾ അർപ്പിക്കുകയോ പങ്കെടുക്കുകയോ ചെയ്യുന്ന ബലി, മരിച്ചതിനു ശേഷം അയാൾക്ക് വേണ്ടി അർപ്പിക്കപ്പെടുന്ന ബലിയേക്കാൾ കൂടുതൽ മൂല്യമുള്ളതാണ് എന്ന യാഥാർത്ഥ്യവും നാം മറന്നു പോകരുത്. മരിച്ചവരെ പ്രത്യേകമായി ഓർമ്മിക്കുന്ന ഈ മാസത്തിലും തുടർന്നും അവർക്കുവേണ്ടി പ്രാർത്ഥിച്ചു കൊണ്ട് അവരോടുള്ള കർത്തവ്യം നമുക്ക് നിർവഹിക്കാം. നമ്മുടെ യോഗ്യതകളും പ്രാർത്ഥനകളും പരിഹാരപ്രവൃത്തികളും ദാനധർമ്മങ്ങളും ദണ്ഡവിമോചനങ്ങളും എല്ലാറ്റിനും ഉപരിയായി, അവരുടെ ആത്മശാന്തിക്കായി അർപ്പിക്കുന്ന ദിവ്യബലിയും വഴി, അവരെ നമുക്ക് സഹായിക്കാം. ഇതിനു തിരുസ്സഭ തന്നെ മാതൃക നൽകുന്നുണ്ട്. ഓരോ പരിശുദ്ധ കുർബ്ബാനയിലും യാമപ്രാർത്ഥനകളിലും മരിച്ചവരെ സഭ അനുസ്മരിക്കുന്നു. നാം ഭൂമിയുടെ സ്വന്തമല്ല, സ്വർഗ്ഗത്തി

ന്റേതാണെന്നും. ഈലോകജീവിതം മുഴുവൻ സ്വർഗ്ഗത്തിലേക്കുള്ള ചുവടുവെപ്പാണെന്നും സഭ നമ്മെ പഠിപ്പിക്കുന്നു. സകല മരിച്ചവർക്കും വേണ്ടി പ്രാർത്ഥിക്കുന്നതിനോടൊപ്പം തന്നെ, കൂടുതൽ വിശുദ്ധിയിൽ ജീവിക്കാനുള്ള അനുഗ്രഹത്തിനു വേണ്ടി നമുക്ക് പ്രാർത്ഥിക്കുകയും ചെയ്യാം.

സ്നേഹപൂർവ്വം,

വികാരിയച്ചൻ,

**ഫാ. തോമസ് നാഗപറമ്പിൽ**



# സ്നേഹപൂർവ്വം
## കൊച്ചച്ചൻ



മിശിഹായിൽ സ്നേഹം നിറഞ്ഞവരെ,

തണുത്തു വിറക്കുന്ന പ്രഭാതത്തിൽ കൂട്ടുകാരും ഒന്നിച്ച് ദേവാലയത്തിലേക്ക് സന്തോഷത്തോടെ പോയ ക്രിസ്തുമസ് ദിവസങ്ങൾ ഓർക്കുന്നില്ലേ. നക്ഷത്രങ്ങൾ തൂക്കാനും പുൽക്കൂട് ഉണ്ടാക്കാനും 25 ദിവസവും ദേവാലയത്തിൽ പോകാനും തിടുക്കം കൂട്ടിയത് ഓർക്കുന്നില്ലേ. പുൽക്കൂട്ടിൽ ഉണ്ണീശോ ജനിക്കുന്നതിനൊപ്പം തന്നെ ഓരോരുത്തരുടെയും ഹൃദയത്തിലും ജനിക്കണം എന്ന് നാമെല്ലാം ആഗ്രഹിച്ചിരുന്നു. ഇന്ന് പലപ്പോഴും ക്രിസ്തുമസ് ഓർമ്മ പുതുക്കലാണ് - കഴിഞ്ഞുപോയ നല്ല ക്രിസ്തുമസ് കാലങ്ങളുടെ. ഇന്ന് ചിലരെങ്കിലും നക്ഷത്രങ്ങൾ തൂക്കുന്നതും പുൽക്കൂട് നിർമ്മിക്കുന്നതും ഒക്കെ ഒരു ബാധ്യതയായി കണക്കാക്കാറുണ്ട്. എല്ലാദിവസവും ദേവാലയത്തിൽ പോകേണ്ടതിന്റെ ആവശ്യകതയെ കുറിച്ച് പോലും നമ്മൾ ചിന്തിക്കാതായിരിക്കുന്നു. ക്രിസ്തുമസ്സിൽ നിന്നും ക്രിസ്തുവിനെ മാറ്റിനിർത്തി, ആഘോഷങ്ങളെ മാത്രം ചേർത്തുപിടിച്ചതു കൊണ്ട് വന്നുപോയ അപചയങ്ങളാണ് ഇതെല്ലാം.

സ്നേഹം നിറഞ്ഞവരെ, നമ്മിലെ നന്മകൾ ഒന്നും നമുക്ക് കൈമോശം വന്നു പോയിട്ടില്ല. തിരിച്ചു നടക്കാനാവാത്ത ദൂരത്തേക്ക് നമ്മളാരും മാറി പോയിട്ടുമില്ല. ഈ ക്രിസ്തുമസ് കാലം നമുക്ക് ഒരു അവസരമാകട്ടെ. വിശ്വാസ ചൈതന്യം പുതുതലമുറയ്ക്ക് പകർന്നു കൊടുക്കാനും, ദേവാലയത്തോടും പുൽക്കൂട്ടിൽ പിറന്ന ദൈവപുത്രനോടും ചേർന്ന് നിൽക്കാനും, നമ്മളെപ്പോലെ തന്നെ മറ്റുള്ളവരെ സ്നേഹിക്കാനും നമ്മുടെ പുതുതലമുറയെ പഠിപ്പിച്ചു കൊടുക്കുവാനുള്ള അവസരം. ഈ ക്രിസ്തുമസ് കാലത്ത്, ചുറ്റുപാടും ഉള്ളവരുടെ സാഹചര്യം എന്താണെന്ന് മനസ്സിലാക്കാൻ പരിശ്രമിക്കാം. ആവശ്യക്കാരിലേക്ക് കടന്നു ചെല്ലാം. ക്രിസ്തു നൽകിയ സ്നേഹം മറ്റുള്ളവർക്ക് അനുഭവവേദ്യമാകുന്ന രീതിയിൽ ജീവിക്കാം.

സാധിക്കുന്ന എല്ലാവരും 25 ദിവസവും ദേവാലയത്തിൽ വരണമെന്ന് ഓർമ്മിപ്പിക്കുന്നു. പ്രത്യേകമായി, നമ്മുടെ പ്രിയപ്പെട്ട കുഞ്ഞുങ്ങളെ ദേവാലയത്തിലേക്ക് എത്തിക്കാൻ മാതാപിതാക്കൾ പരിശ്രമിക്കുമല്ലോ. നല്ല ഒരു ക്രിസ്തുമസ്കാലം എല്ലാവർക്കും ആശംസിക്കുന്നു. നക്ഷത്രങ്ങൾ പോലെ നമ്മുടെ ജീവിതങ്ങളും പ്രശോഭിക്കട്ടെ.

സ്നേഹപൂർവ്വം, കൊച്ചച്ചൻ,

**ഫാ. ആൽബിൻ വിലങ്ങുപാറ**



അങ്ങേ തിരുമുറിവുകളിൽ... എന്നെ ഇരുത്തേണമേ...
അങ്ങേ തിരുഹൃദയത്തിൽ... എന്നെ മറയ്ക്കേണമേ...

# ഇടവകാ വാർത്തകൾ



**തോമസ് വലിയപറമ്പൻ** (പാരിഷ് സെക്രട്ടറി)

## ദേവാലയ സ്ഥാപനത്തിന്റെ എൺപതാം വാർഷികം ആഘോഷിച്ചു

തിരുവമ്പാടി തിരുഹൃദയ ദേവാലയം സ്ഥാപിച്ചതിന്റെ 80-ാം വാർഷികം വിവിധ പരിപാടികളോടെ ആഘോഷിച്ചു. സെപ്റ്റംബർ എട്ടിന് ദേവാലയത്തിൽ നടന്ന ദിവ്യബലിക്ക് ഇടവക വികാരി ഫാ.തോമസ് നാഗപറമ്പിൽ നേതൃത്വം നൽകി. എൺപതാം വാർഷികത്തിന്റെ ഭാഗമായി 80 കുടുംബങ്ങൾക്ക് ആയിരം രൂപയുടെ നിത്യോപയോഗ സാധനങ്ങൾ അടങ്ങിയ കിറ്റ് വിതരണം ചെയ്തു. കിറ്റ് വിതരണം പാരിഷ് കൗൺസിൽ യോഗത്തിൽ ഫാ. തോമസ് നാഗപറമ്പിൽ ട്രസ്റ്റിമാർക്ക് കിറ്റ് കൈമാറി ഉദ്ഘാടനം ചെയ്തു. 1944 സെപ്റ്റംബർ എട്ടിന് ഫാ. ജെയിംസ് മൊന്തനാരി ഇന്നത്തെ പള്ളിയുടെ പോർട്ടിക്കോയുടെ ഭാഗത്ത് നിർമ്മിച്ച താൽക്കാലിക ഷെഡിന് സേക്രഡ് ഹാർട്ട് ചർച്ച് എന്ന പേരിട്ടു കൊണ്ടാണ് ആദ്യ ദിവ്യബലി അർപ്പിച്ചത്.തുടർന്ന് വിവിധ വൈദീക ശ്രേഷ്ഠരുടെ നേതൃത്വത്തിൽ എട്ടു പതിറ്റാണ്ടിന്റെ നിസ്തുലമായ വളർച്ച കൈവരിക്കാൻ തിരുവമ്പാടി ഇടവകയ്ക്ക് സാധിച്ചിട്ടുണ്ട്.

ഇടവകാ സ്ഥാപനത്തിന്റെ എൺപതാം വാർഷികത്തിന്റെ സ്മാരകം എന്ന നിലയ്ക്കാണ് പുതിയ പള്ളിമുറിയുടെ നിർമ്മാണം ആരംഭിക്കുന്നത്. സെപ്റ്റംബർ 15ന് അഭിവന്ദ്യ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് പുതിയ വൈദീക മന്ദിരത്തിന്റെ തറക്കല്ല് ആശീർവദിച്ചു. താമരശ്ശേരി രൂപതയിലെ ഏറ്റവും ശ്രദ്ധേയമായ ഇടവകയായി തിരുവമ്പാടി വളർന്നതും, നാടിനുവേണ്ടി ഒട്ടേറെ വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വ നൽകാൻ ഇടവകക്ക് കഴിഞ്ഞതും പിതാവ് ദിവ്യബലി മധ്യത്തിൽ സൂചിപ്പിച്ചു.

## പാരീഷ് കൗൺസിൽ തീർത്ഥാടനം

തിരുവമ്പാടി ദേവാലയ സ്ഥാപനത്തിന്റെ 80-ാം വാർഷികത്തോടനുബന്ധിച്ച് പാരീഷ് കൗൺസിലിന്റെ നേതൃത്വത്തിൽ ഇടവക സ്ഥാപകനായ ഫാ. ജെയിംസ് മൊന്തനാരിയുടെ കബറടക്കം സ്ഥിതി ചെയ്യുന്ന ഏഴിമല പള്ളിയും സിമിത്തേരിയും സന്ദർശിച്ചു. ഫാ. തോമസ് നാഗപറമ്പിൽ ഫാ. ആൽബിൻ വിലങ്ങുപാറ എന്നിവരുടെ നേതൃത്വത്തിൽ ദിവ്യബലി അർപ്പിക്കുകയും അനുസ്മരണ പ്രാർത്ഥന നടത്തുകയും ചെയ്തു.

## ബഥാനിയായിൽ ജപമാല സമർപ്പണം

അഖണ്ഡ ജപമാല സമർപ്പണം നടക്കുന്ന പുല്ലൂരാംപാറ ബഥാനിയ കേന്ദ്രത്തിൽ ഇടവകയുടെ നേതൃത്വത്തിൽ ഒക്ടോബർ 12 ന് ജപമാല സമർപ്പണവും ദിവ്യബലിയും നടത്തി. പുല്ലൂരാംപാറക്കുള്ള റോഡ് നിർമ്മാണം നടക്കുന്നതിനാൽ ആളുകൾ നേരിട്ട് ബഥാനിയിൽ എത്തി ജപമാലയിൽ പങ്കെടുക്കുകയായിരുന്നു. ഒട്ടേറെ ആളുകൾ ജപമാല സമർപ്പണത്തിൽ പങ്കാളികളായി.

## തിരുവമ്പാടി ഹൈസ്കൂൾ ഗ്രൗണ്ട് സ്കൂൾ കുട്ടികൾക്ക് വേണ്ടി തുറന്നു കൊടുക്കാൻ തീരുമാനം ആയി

സേക്രഡ് ഹാർട്ട് ഹയർ സെക്കൻഡറി സ്കൂളിന്റെ ഉടമസ്ഥതയിലുള്ള ഹൈസ്കൂൾ ഗ്രൗണ്ട് സ്കൂൾ കുട്ടികളുടെ കായിക ആവശ്യത്തിനുവേണ്ടി തുറന്നു കൊടുക്കാൻ തീരുമാനമായി. ചില തൽപരകക്ഷികൾ ഹൈസ്കൂൾ ഗ്രൗണ്ടിൽ അനുവാദമില്ലാതെ കയറി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുകയും ഗ്രൗണ്ടിന്റെ പവലിയനിലെ മുറി കൈവശമാക്കുകയും അതിൽ ക്ലബിന്റെ പേര് എഴുതി വെക്കുകയും  ചെയ്ത സാഹചര്യത്തിലാണ് സ്കൂൾ മാനേജ്മെന്റ്  ഗ്രൗണ്ട് അടച്ചിടാൻ തീരുമാനിച്ചത്. ഗ്രൗണ്ടിനെക്കുറിച്ച് ചില നിക്ഷിപ്ത താൽപര്യക്കാർ കോടതിയിൽ കേസ് കൊടുക്കുകയും ചെയ്തത് ഗ്രൗണ്ടിന്റെ പ്രവർത്തനം നിർത്തിവയ്ക്കുന്നതിനും കാരണമായിരുന്നു. അനാവശ്യ വിവാദങ്ങൾ ഉണ്ടാക്കി സ്കൂൾ മാനേജ്മെന്റിനെയും പള്ളിയേയും അവഹേളിക്കുന്ന വിധത്തിൽ സാമൂഹിക മാധ്യമങ്ങളിലൂടെ ചില തൽപരകക്ഷികൾ പ്രചാരണം നടത്തിയപ്പോൾ ഇതിനെതിരെ സ്കൂൾ മാനേജ്മെന്റ് പൊലീസിൽ പരാതി നൽകിയിരുന്നു.

ജില്ലാ വിദ്യാഭ്യാസ ഉപ ഓഫീസറുടെ സാന്നിധ്യത്തിൽ സ്കൂളിൽ നടന്ന ചർച്ചയെ തുടർന്നാണ് ഗ്രൗണ്ട് സ്കൂൾ കുട്ടികൾക്ക് തുറന്നു കൊടുക്കാൻ തീരുമാനമായത്. കുട്ടികൾക്ക് അല്ലാതെ പൊതുജനങ്ങൾക്ക് ഗ്രൗണ്ട് ഉപയോഗിക്കണമെങ്കിൽ മാനേജ്മെന്റിന്റെ മുൻകൂട്ടിയുള്ള അനുവാദം ആവശ്യമാണ്. സ്കൂളിന്റെ കളിസ്ഥലം യാതൊരുവിധത്തിലും ദുരുപയോഗം ചെയ്യുന്നില്ലെന്നും വ്യക്തികളോ സംഘടനകളോ സാമ്പത്തികമായ ലാഭത്തിനുവേണ്ടി ഉപയോഗിക്കുന്നില്ല എന്നും പിടിഎയും പൊതു സമൂഹവും ഉറപ്പുവരുത്തണമെന്നും പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് വേണ്ടി ഉപ ഡയറക്ടർ ഇറക്കിയ ഉത്തരവിൽ പറയുന്നു.

സ്കൂൾ ഗ്രൗണ്ട് നമ്മുടെ സ്കൂളുകളിലെ കുട്ടികൾ പൂർണമായി ഉപയോഗിക്കുന്ന രീതിയിൽ ആക്കുവാൻ എല്ലാവരുടെയും സഹകരണം ഉണ്ടാകണം. സ്കൂൾ ഗ്രൗണ്ട് മറ്റാരും ദുരുപയോഗം

ചെയ്യുന്നില്ല എന്ന് ഉറപ്പാക്കുവാൻ എല്ലാവരും ജാഗ്രത പുലർത്തുകയും വേണം


## വചന ജ്വാല ബൈബിൾ പഠന പദ്ധതി പുരോഗമിക്കുന്നു


സൺഡെ സ്കൂളിന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന ബൈബിൾ പഠന പദ്ധതി - വചന ജ്വാല - നല്ല പ്രതികരണത്തോടെ മുന്നേറുക ആണ്. വചനം പഠിക്കുന്നതിനും വചനവഴിയിൽ മുന്നേറുന്നതിനും കുട്ടികളെ പ്രാപ്തരാക്കുന്ന ഈ പദ്ധതി വിജയികൾക്ക് 25,000 രൂപയുടെ സമ്മാനം ആണ് നൽകുന്നത്. ഓരോ മാസവും മത്സരവും ജനുവരിയിൽ ഫൈനൽ മത്സരവും നടക്കും.

### Vajanajwala Monthly winners

| | | | |
|---|---|---|---|
| **HCC** | | **വചനം** | |
| 1 | Dona Rose Sabu | 41 | XII A |
| 2 | Ann Maria Binu | 38 | XII A |
| 3 | Athulya Jiss | 29 | XII B |
| **HS** | | | |
| 1 | Deon Joby | | |
| 2 | Raina Joyel | | |
| 3 | Sanjana Roz | | IX C |
| **UP** | | | |
| 1 | RaigonT.Jacob | 36 | 7 B |
| 2 | Jewal george | 28 | 6 B |
| 3 | Reena Issac | 26 | 6 A |
| **Std 3 & 4** | | | |
| 1 | Julia George Nellariyil | 32 | 4 A |
| 2 | Elvin varghese Thannimoottil | 30 | 4 A |
| **Std 1& 2** | | | |
| 1 | Elvis Thannipothiyil | 15 | 2 B |
| 2 | Alok Mannor | 13 | 2 A |


പ്രിയ ബഹു.
തോമസ് നാഗപറമ്പിൽ അച്ചന്
ജന്മദിനാശംസകൾ
(ഡിസംബർ 27)
ഇടവകാ സമൂഹം


വി. യൂദാ ശ്ലീഹായുടെ
മധ്യസ്ഥതയിൽ ഉദ്ദിഷ്ടകാര്യം
സാധിച്ചതിന്
ഉപകാരസ്മരണ
രഞ്ജിമ



നമ്മുടെ ദേവാലയത്തിൽ 2009-2010 കാലത്ത് വികാരിയായി സേവനം ചെയ്ത പ്രിയ **ബഹു. ജോസഫ് കാപ്പിൽ അച്ചൻ** സെപ്റ്റംബർ 28 ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു.

**അച്ചന്റെ പാവന സ്മരണക്കു മുമ്പിൽ തിരുവമ്പാടി ഇടവകാ സമൂഹത്തിന്റെ ആദരാഞ്ജലികൾ**

# തീക്ഷ്ണമതിയായ കാപ്പിലച്ചൻ



**ഫാ. തോമസ് നാഗപറമ്പിൽ**

1980 കളുടെ ആരംഭത്തിലാണ് ബഹു. ജോസഫ് കാപ്പിലച്ചനെ ഞാൻ പരിചയപ്പെട്ടത്. മുക്കത്തെ പഴയ പള്ളിയുടെ അൾത്താരയിൽ കാസയും, പീലാസയും ഉയർത്തിപ്പിടിച്ച് ബലിയർപ്പണത്തിന് നിൽക്കുന്ന ഓർമ്മയാണ് ബഹു. കാപ്പിലച്ചനെക്കുറിച്ചുള്ള എന്റെ ആദ്യ ഓർമ്മ. ഞാൻ പങ്കെടുത്തിട്ടുള്ള ബലിയർപ്പണങ്ങളിൽ ഏറ്റം ഭക്തിസാന്ദ്രമായ അനുഭവം ആ വൈദികന്റെ ബലിയർപ്പണമാണ്. പഠനത്തിലും ജീവിതത്തിലും താൻ മനസ്സിലാക്കിയ ക്രിസ്തു അദ്ദേഹത്തിന്റെ ബലിയിൽ ജീവിച്ചു. അവിടുന്ന് ജനിച്ചു വളർന്നു മരിച്ച നാട്ടിൽ പുരോഹിത പരിശീലനത്തിലും പഠനത്തിലും ഏർപ്പെട്ട കാപ്പിലച്ചന് ഈശോയെപ്പറ്റിയുള്ള ജ്ഞാനം അനുഭവപരമായിരുന്നു. ആ അനുഭവങ്ങൾ പ്രതിഫലിച്ചതാകട്ടെ അദ്ദേഹത്തിന്റെ ബലിയർപ്പണത്തിലും ജീവിതത്തിലും.

താൻ അറിഞ്ഞ ഈശോയെ മറ്റുള്ളവർക്ക് ബോദ്ധ്യപ്പെടുത്തിക്കൊടുക്കാനുള്ള ശ്രമമായിരുന്നു, അൻപതിലേറെ തവണ അദ്ദേഹം നടത്തിയ വിശുദ്ധനാടു സന്ദർശനം. ആ യാത്രയിൽ ഞാനും പങ്കുചേർന്നിട്ടുണ്ട്. കേവലം ഒരു നാടു സന്ദർശനം ആയിരുന്നില്ല അത്. ഒരാളുടെ വിശ്വാസപരമായ അറിവിനെ അനുഭവമാക്കുവാനും ജീവൻ വയ്പ്പിക്കുവാനും ഈശോയിലുള്ള വിശ്വാസത്തിനനുസരിച്ച് ജീവിക്കുവാനും പ്രാപ്തമാക്കുന്ന യാത്രകളാണ് അദ്ദേഹം നടത്തിയിരുന്നത്. യാത്രയ്ക്കുവേണ്ടി പല ദിവസങ്ങൾ പ്രാർത്ഥിച്ച് ഒരുങ്ങണം, ഈശോയുടെ ജീവിതത്തിലെ പ്രധാന രംഗവേദികളിൽ വി. ബലിയർപ്പിക്കും, പീഡാസഹന കുരിശു മരണത്തെ മുന്നിൽ കണ്ട് ഈശോ രക്തം വിയർത്തു പ്രാർത്ഥിച്ച ഗദ്സമെൻ തോട്ടത്തിൽ തിരുമണിക്കൂർ ആരാധന നടത്തും. ഗാഗുൽത്തായിലേയ്ക്കുള്ള അവിടുത്തെ കുരിശിന്റെ പാതയിൽ ധ്യാനലീനരായി കുരിശിന്റെ വഴി നടത്തും. അവിടുത്തെ ദൈവിക പ്രഭാവത്തിനു ശിഷ്യന്മാർ സാക്ഷ്യം വഹിച്ച താബോർ മലയും സ്വർഗ്ഗാരോഹണത്തിനു വേദിയായ ബേസനിയായും സന്ദർശിച്ചു പ്രാർത്ഥിക്കും. വിശ്വാസമാന്ദ്യത്തിന്റെ ചാരം മൂടിക്കിടക്കുന്ന കനലുകളെ ഊതിത്തെളിയിച്ച് ആളിക്കത്തിക്കുവാൻ കാപ്പിലച്ചൻ സംഘടിപ്പിച്ച യാത്രകൾക്കും അദ്ദേഹം നൽകിയ വിവരണങ്ങൾക്കും വർണ്ണനകൾക്കും കഴിഞ്ഞിട്ടുണ്ട്.

വിശ്വാസബോധ്യങ്ങളിലെ തീക്ഷ്ണതയായിരുന്നു അച്ചന്റെ പൗരോഹിത്യ ശുശ്രൂഷയുടെ പിൻബലം. അടുത്തു നിൽക്കുന്നവർക്കും അതിന്റെ ചൂട് അനുഭവിക്കുവാൻ കഴിയുമായിരുന്നു. താമരശ്ശേരി രൂപതയുടെ തുടക്കക്കാലത്ത് അഭിവന്ദ്യ മങ്കുഴിക്കരി പിതാവിനോടൊപ്പം രൂപതയുടെ ഫിനാൻസ് ഓഫീസർ എന്ന നിലയിൽ ശുശ്രൂഷ ചെയ്തപ്പോഴും പിന്നീട് ബഥാനിയ ധ്യാനകേന്ദ്രത്തിന്റെ സ്ഥാപക പിതാവായിരുന്നപ്പോഴും, അഭിവന്ദ്യ ചിറ്റിലപ്പിള്ളി പിതാവിനോടു ചേർന്ന് രൂപതയുടെ സാമ്പത്തിക കാര്യങ്ങൾ രണ്ടാമൂഴമായി ഏറ്റെടുത്ത് ജോലി ചെയ്തപ്പോഴും ഇന്നത്തെ താമരശ്ശേരി കത്തീഡ്രൽ പള്ളിയുടെ പണികൾ ഏറ്റെടുത്തു ചെയ്തപ്പോഴും ബഹു. കാപ്പിലച്ചനെ കൂടുതൽ അടുത്തു നിന്നുകൊണ്ടു ഞാൻ കണ്ടിട്ടുണ്ട്. 2009-10 വർഷങ്ങളിൽ തിരുവമ്പാടി ഇടവകയുടെ വികാരിയായി അദ്ദേഹം. പരിചയപ്പെട്ടതുമുതൽ, അദ്ദേഹം പ്രസരിപ്പിച്ച ക്രിസ്തു വിശ്വാസത്തിന്റെ തീക്ഷ്ണതയോടു വ്യക്തിപരമായി കടപ്പെട്ടിരിക്കുന്നു എന്ന് നന്ദിപൂർവ്വം അനുസ്മരിച്ചുകൊണ്ടു ബഹു. കാപ്പിലച്ചന് പ്രണാമം അർപ്പിക്കുന്നു. ദൈവം ആ വന്ദ്യപുരോഹിതനു തന്റെ തിരുമുഖ ദർശനം നൽകട്ടെ.

# ഓർമ്മയിൽ സൂക്ഷിക്കാൻ




## നവംബർ 2024

1 – സകല വിശുദ്ധർ
2 – മരിച്ചവരുടെ ഓർമ്മ
4 – വി. സഖറിയ & വി. എലിസബത്ത്
24 – രാജത്വതിരുനാൾ
26 – വി. യൂദാതദേവൂസ്
30 – വി. അന്ത്രയോസ്



## ഡിസംബർ 2024

1 – 25 നോമ്പ് ആരംഭം
3 – വി. ഫ്രാൻസിസ് സേവ്യർ
7 – വി. അംബ്രോസ്
8 – പരി. കന്യകാമറിയത്തിന്റെ
അമലോത്ഭവ തിരുനാൾ
പുത്തരി തിരുനാൾ
25 – ക്രിസ്മസ്
26 – വി. എസ്തപ്പാനോസ്
27 – വി. യോഹന്നാൻ
28 – കുഞ്ഞിപ്പൈതങ്ങൾ
29 – തിരുക്കുടുംബം
31 – വർഷാവസാനം







# സഭാവാർത്തകൾ

## മോൺ ജോർജ്ജ് ജേക്കബ് കൂവക്കാട്ട് കർദ്ദിനാൾ സ്ഥാനത്തേക്ക്

ചങ്ങനാശ്ശേരിക്കടുത്ത് മാമ്മൂട് സ്വദേശിയായ മോൺ. ജോർജ്ജ് ജേക്കബ് കൂവക്കാട്ട് ഏതാനും വർഷങ്ങളായി മാർപാപ്പയുടെ വിദേശ യാത്രയുടെ ഓർഗനൈസർ ആയി സേവനം ചെയ്യുകയായിരുന്നു. 1973 ഓഗസ്റ്റ് 11 ന് ജനിച്ച അദ്ദേഹം 2004 ൽ വത്തിക്കാനിൽ തന്നെയാണ് വൈദിക പദവിയിൽ അഭിഷിക്തനായത്. ഇന്ത്യയിൽ നിന്ന് ഇതിനു മുമ്പ് കർദ്ദിനാൾ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടവരെല്ലാം മെത്രാന്മാരോ, മെത്രാപ്പൊലീത്തമാരോ ആയിരുന്നു. വൈദിക സ്ഥാനത്തുനിന്ന് നേ രിട്ട് കർദ്ദിനാൾ സ്ഥാനത്തേക്ക് എത്തിയ ഇദ്ദേഹം ഇന്ത്യയിലെ ഏറ്റവും പ്രായം കുറഞ്ഞ കർദ്ദിനാളും ആയിരിക്കും.

2024 നവംബർ 24 ന് ചങ്ങനാശ്ശേരിയിൽ അദ്ദേഹത്തിന്റെ മെത്രാ ഭിഷേകം നടക്കും. ഡിസംബർ 8 ന് വത്തിക്കാനിൽ മറ്റ് ഇരുപത് പേ രോടൊപ്പം മോൺ. ജോർജ്ജ് ജേക്കബ് കർദ്ദിനാൾ പദവിയിലേക്ക് അഭി ഷിക്തനാകും.

## മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ

സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിലിനെ പൗരസ്ത്യ സഭകൾക്കായുള്ള വത്തിക്കാൻ കാര്യാല യത്തിലെ അംഗമായി ഫ്രാൻസിസ് മാർപാപ്പ നിയമിച്ചു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 9 ബിഷപ്പുമാരെ കൂടി അംഗങ്ങളായി നിയോഗിച്ചിട്ടുണ്ട്. കത്തോലിക്കാ സഭയിലെ പൗരസ്ത്യ റീത്തിലെ വ്യക്തി സഭകളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ തീരുമാനമെടുക്കാൻ മാർപാപ്പയെ സഹായിക്കുന്ന കാര്യാലയമാണിത്. കർദ്ദിനാൾ ക്ലൗദിയോ ഗുജറോത്തിയാണ് പ്രീഫെക്റ്റ്.

## ഫാ. മോർളി കൈതപ്പറമ്പിൽ

മലബാർ സഭയുടെ ആദ്യ ലെയ്സൺ ഓഫീസറായി ചങ്ങനാ ശ്ശേരി അതിരൂപതാംഗമായ ഫാ. മോർളി കൈതപ്പറമ്പിലിനെ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ നിയമിച്ചു. കേരള സർക്കാരുമായി ബന്ധപ്പെട്ട ഭരണപരമായ കാര്യങ്ങൾ ഏകോപിപ്പിക്കുക എന്ന ദൗത്യമാ ണ് തിരുവനന്തപുരം ലൂർദ് ഫൊറോന വികാരികൂടിയായ ഇദ്ദേഹത്തിന് ലഭിച്ചിരിക്കുന്നത്.

# സംഘടനാവാർത്തകൾ

## എ.കെ.സി.സി.

കത്തോലിക്കാ കോൺഗ്രസ് തിരുവമ്പാടി യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ, ഗാന്ധി ജയന്തിയോടനുബന്ധിച്ച് സെമിത്തേരിയും പരിസരവും വൃത്തിയാക്കി. ബഹു.തോമസ് നാഗപറമ്പിലച്ചൻ ഉദ്ഘാടനം ചെയ്ത പരിപാടിയിൽ പ്രസിഡന്റ് രാജൻ ചെമ്പകം, സെക്രട്ടറി തോമസ് പുത്തൻപുരയ്ക്കൽ, സണ്ണി പുതുപ്പറമ്പിൽ, ടോമി ചക്കിട്ടമുറി, ജോയി കുരിശുങ്കൽ, ബേബൽ ആക്കാട്ടുമുണ്ടക്കൽ, സണ്ണി മണക്കുന്നേൽ, റോയി മനയാനിക്കൽ, സാജോ മണ്ണാനിക്കാട്ട്, ദേവസ്യ അക്കുറ്റ്, ബേബി പുന്നത്താനത്ത്, ജോയി മണിമലക്കണ്ടത്തിൽ എന്നിവർ പങ്കെടുത്തു.



..........................................................................................................

## ജെ.ബി. കോശി കമ്മീഷൻ ശിപാർശ നടപ്പാക്കണം



ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ട് പരസ്യപ്പെടുത്തണമെന്നും ശിപാർശകൾ ഉടനടി നടപ്പാക്കണമെന്നും കത്തോലിക്ക കോൺഗ്രസ് തിരുവമ്പാടി ഫൊറോന കൗൺസിൽ ആവശ്യപ്പെട്ടു. ഈ വിഷയത്തിൽ പ്രതിഷേധ ജാഥ നടത്തി. മുക്കം തിരുഹൃദയ പള്ളി വികാരി ഫാ. ജോൺ ഒറവുങ്കര ഉദ്ഘാടനം ചെയ്തു. എ.കെ.സി.സി. തിരുവമ്പാടി ഫൊറോന പ്രസിഡന്റ് ജോസഫ് പുലക്കുടിയിൽ അധ്യക്ഷത വഹിച്ചു. രൂപത ജനറൽ സെക്രട്ടറി ഷാജി കണ്ടത്തിൽ, അഡ്വ. വർഗ്ഗീസ് പാലക്കീൽ, രാജൻ ചൂരപ്പൊയ്കയിൽ എന്നിവർ പ്രസംഗിച്ചു.

# മാതൃവേദി

- 'നന്മ ചെയ്യുന്നതിൽ നിങ്ങൾക്ക് മടുപ്പ് തോന്നാതിരിക്കട്ടെ' എന്ന വി. പൗലോസ് ശ്ലീഹായുടെ വചനം മനസ്സിൽ സൂക്ഷിച്ചു കൊണ്ട് എല്ലാ മാസവും ഒരു ജീവകാരുണ്യ പ്രവർത്തനം എങ്കിലും മാതൃ വേദി അംഗങ്ങൾ നടത്തുന്നു.
- പാവപ്പെട്ട ഒരു ഇടവകാംഗത്തിന് 5000 രൂപയുടെ ചികിത്സ സഹായം നൽകി.
- മാതാവിന്റെ ജനനതിരുന്നാളിനോട് അനുബന്ധിച്ച് അംഗങ്ങൾ 8 നോമ്പെടുക്കുകയും എല്ലാ ദിവസവും ദേവാലയത്തിൽ വിശുദ്ധ കുർബാനമധ്യേയുള്ള ലേഖനം വായനയ്ക്കും ജപമാലയ്ക്കും നേതൃത്വം നൽകുകയും ചെയ്തു.
- എട്ടാം തീയതി അംഗങ്ങളെല്ലാവരും യൂണിഫോം ധരിച്ച് കാഴ്ച സമർപ്പണം നടത്തുകയും ബഹുമാനപ്പെട്ട വികാരിയച്ചൻ ചൊല്ലിത്തന്ന പ്രതിജ്ഞ ചൊല്ലി പുതുക്കുകയും ചെയ്തു.
- 10 അംഗങ്ങൾ മാതൃവേദിയിൽ പുതുതായി അംഗത്വം എടുത്തു.
- ഇടവകയുടെ എൺപതാം വാർഷികത്തോടനുബന്ധിച്ച് കിറ്റ് നൽകുന്നതിന് വേണ്ടി മാതൃവേദി 5000 രൂപ സംഭാവന നൽകി.
- സെപ്റ്റംബർ 11 ന്അംഗങ്ങൾ ഒരുമിച്ച് ബഥാനിയായിൽ പോവുകയും അഖണ്ഡ ജപമാലയിൽ സംബന്ധിക്കുകയും ചെയ്തു.
- ഓണാഘോഷ പരിപാടി വിവിധ മത്സരങ്ങളുടെ അകമ്പടിയോടെയും ഓണസദ്യയോടെയും ആഘോഷിച്ചു.
- ഒക്ടോബർ മാസത്തിൽ 31 ദിവസവും എല്ലാവരും ചേർന്ന് ഗൂഗിൾ മീറ്റിലൂടെ ഭക്തിപൂർവ്വം ജപമാല അർപ്പിച്ചു.
- ജപമാല മാസത്തോടനുബന്ധിച്ച് സി. റെനി സി.എം.സി., മാതൃ വേദി അംഗങ്ങൾക്ക് കൊന്ത നിർമ്മാണ പരിശീലനം നൽകി.





ദേവാലയ സ്ഥാപനത്തിന്റെ 80-ാം വാർഷികത്തോടനുബന്ധിച്ച്
80 കുടുംബങ്ങൾക്ക് 1000 രൂപയുടെ നിത്യോപയോഗസാധനങ്ങൾ
അടങ്ങിയ കിറ്റ് നൽകുന്ന പദ്ധതിയുടെ ഉദ്ഘാടനം
റവ.ഫാ.തോമസ് നാഗപറമ്പിൽ ട്രസ്റ്റിമാർക്ക്
കിറ്റ് കൈമാറി ഉദ്ഘാടനം ചെയ്യുന്നു



തിരുഹൃദയ ഫൊറോന ദേവാലയം സ്ഥാപിച്ചതിന്റെ
80-ാം വാർഷിക സ്മാരകമായി നിർമ്മിക്കുന്ന പുതിയ
പള്ളിമുറിയുടെ തറക്കല്ല് അഭിവന്ദ്യ രൂപതാധ്യക്ഷൻ
മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ആശീർവദിക്കുന്നു.




*Best wishes & prayers*

**THEVARKUNNEL & KOKKOPUZHA FAMILIES**

# പാവനസ്മരണയ്ക്ക്



41–ാം ചരമദിനം
12.11.2024

## ഗ്രേസി ജോസ്
## മൂക്കിലിക്കാട്ട്

ജനനം : 07.01.1941
മരണം : 03.10.2024

1–ാം ചരമവാർഷികം
20.11.2024

## ജസ്റ്റി ജി. ജോസ്
## മൂക്കിലിക്കാട്ട്

ജനനം : 16.06.1972
മരണം : 20.11.2023



"ഞാനാണ് പുനരുദ്ധാനവും ജീവനും എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും."

യോഹ. 11:25

പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ



# 8 –ാം പിറന്നാൾ ആശംസകൾ

**08.11.2024**

## ഇവാൻ ഫെലിക്സ് എബിൻ പുത്തൻപുരയ്ക്കൽ

ആശംസകളോടെ...

**അപ്പ, മമ്മ, പപ്പ, മമ്മി, അപ്പാപ്പി,**
**കുഞ്ഞാന്റി & വാവ**

# പാവനസ്മരണയ്ക്ക്



**4 –ാം ചരമവാർഷികം**
**(06.12.2024)**

## പി.ജെ. ജേക്കബ് പുത്തൻപുരക്കൽ

മരണം : 06.12.2020

പ്രാർത്ഥനയോടെ
കുടുംബാംഗങ്ങൾ




*Best wishes & Prayers*

Manayanickal & Kozhuvanal Families

# പാവനസ്മരണയ്ക്ക്

3-ാം ചരമവാർഷികം (08.11.2024)



# പി.ജെ. ജോസഫ്

## പുരയിടത്തിൽ

മരണം : 08.11.2021

"ഞാനാണ് പുനരുദ്ധാനവും ജീവനും എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും."

യോഹ. 11:25

പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ

# പാവനസ്മരണയ്ക്ക്

41-ാം ചരമദിനം (15.11.2024)



# ത്രേസ്യാമ്മ
# ആമക്കാട്ട്

മരണം : 06.10.2024

സന്തപ്ത കുടുംബാംഗങ്ങൾ

ഞാനാണ് പുനരുദ്ധാനവും ജീവനും.
എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും.
(യോഹ 11:25)

# പാവനസ്മരണയ്ക്ക്

13-ാം ചരമവാർഷികം (18.12.2024)



## പോൾ ബേബി തരണിയിൽ


ജനനം : 10.09.1992

മരണം : 18.12.2011

**സന്തപ്ത കുടുംബാംഗങ്ങൾ**

# Wedding Jubilee

18.10.2024



## Shaji & Leena

Mundackal

*with wishes and Prayers to beloved Pappa & Mummy*

*lovingly*

**Donas & Sandra**

# പാവനസ്മരണയ്ക്ക്

2-ാം ചരമവാർഷികം (30.12.2024)



## മാത്യു നരിക്കുഴിയിൽ

**മരണം: 30.12.2022**

പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ

## അഭിനന്ദനങ്ങൾ!

**നമ്മുടെ 4 കുടുംബയൂണിറ്റുകൾ രൂപതാ തലത്തിൽ മികച്ചവയായി തെരഞ്ഞെടുക്കപ്പെട്ടു.**

**സെന്റ് സെബാസ്റ്റ്യൻസ് യൂണിറ്റ് ഒറ്റപ്പൊയിൽ മേഖലയിൽ ഒന്നാം സ്ഥാനവും രൂപതയിൽ മൂന്നാം സ്ഥാനവും നേടി.**

**സെന്റ് ഹെലേന യൂണിറ്റ് കററ്യാട് മേഖലയിൽ മൂന്നാം സ്ഥാനവും രൂപതയിൽ എ+ ഗ്രേഡും, ജോൺ ബ്രിട്ടോ യൂണിറ്റ് ചാവറ ഗിരി, ഫാ. ഡാമിയൻ യൂണിറ്റ് തുമ്പച്ചാൽ എന്നിവർ രൂപതയിൽ എ+ ഗ്രേഡും കരസ്ഥമാക്കി.**

**മാതൃകാപരമായ പ്രവർത്തനത്തിലൂടെ അഭിമാനാർഹമായ നേട്ടം കൈവരിച്ച ഈ നാലു യൂണിറ്റുകളുടെയും ഭാരവാഹികൾക്കും അംഗങ്ങൾക്കും ഇടവകാ സമൂഹത്തിന്റെ ഹാർദ്ദമായ അഭിനന്ദനങ്ങൾ.**

## അഭിനന്ദനങ്ങൾ!



കാലിക്കറ്റ് യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ നടന്ന സംസ്ഥാന തല ജൂനിയർ അത്‌ലറ്റിക് ചാമ്പ്യൻ ഷിപ്പിൽ, അണ്ടർ 18 പെൺകുട്ടികളുടെ വിഭാഗത്തിൽ ലോങ്ങ് ജമ്പിൽ സ്വർണ്ണ മെഡലും 100 മീറ്റർ ഹഡിൽസിൽ വെള്ളി മെഡലും കരസ്ഥമാക്കിയ നമ്മുടെ ഇടവകാംഗം **എയ്ഞ്ചൽ ജെയിംസ് പുളിക്കപ്പടവിലിന്** ഇടവക കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

ഒറ്റപ്പൊയിൽ വാ. കുഞ്ഞച്ചൻ കുടുംബ യൂണിറ്റിൽ പുളിക്കപ്പടവിൽ അനിൽ - സുനിത ദമ്പതികളുടെ മകളാണ്. കായിക രംഗത്ത് അഭിമാനകരമായ സുവർണ നേട്ടങ്ങൾ കരസ്ഥമാക്കാൻ എയ്ഞ്ചലിനു സാധിക്കട്ടെയെന്ന് ഇടവകാ സമൂഹത്തിന്റെ സ്നേഹാശംസകൾ.

# കുടുംബയൂണിറ്റ് വാർഷികം

## വി. എവുപ്രാസ്യാമ്മ കുടുംബയൂണിറ്റ്

തിണ്ടൂർക്കണ്ടി വാർഡ് എവുപ്രാസ്യാമ്മ യൂണിറ്റിന്റെ 2024 വർഷത്തെ വാർഷികവും ഓണാഘോഷവും ഒരുമിച്ച് സെപ്റ്റംബർ 14-ാം തിയ്യതി യൂണിറ്റ് പ്രസിഡണ്ട് ശ്രീ. തോമസ് മുണ്ടക്കപ്പറമ്പിന്റെ ഭവനത്തിൽ വെച്ച് നടത്തപ്പെട്ടു. വൈകുന്നേരം 5 മണിക്ക് ഓണാഘോഷ പരിപാടികളോടെ വാർഷികാഘോഷം ആരംഭിച്ചു. ഓണാഘോഷ പരിപാടികളുടെ ഭാഗമായുള്ള മത്സര പരിപാടികൾ ആദ്യം നടത്തി. കൊച്ചച്ചനും സിസ്റ്റർമാരും വന്നതിനുശേഷം പ്രാർത്ഥന നടത്തി. നടന്ന വാർഷിക യോഗത്തിൽ ഈശ്വരപ്രാർത്ഥന ആൻമരിയ കാക്കനാട്ടും, ആൻലിയ വട്ടപ്പാറയും ചേർന്ന് നടത്തി. തുടർന്ന് പ്രസിഡണ്ട് തോമസ് മുണ്ടക്കപ്പറമ്പിൽ എല്ലാവരെയും സ്വാഗതം ചെയ്തു. ബഹു. ആൽബിൻ അച്ചൻ യോഗം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. സെക്രട്ടറി ലിസി ബോബിൻ വട്ടപ്പാറ റിപ്പോർട്ട് അവതരിപ്പിച്ചു.

റോസ്മരിയ സിസ്റ്ററും ഡാനി സിസ്റ്ററും ആശംസപ്രസംഗം നടത്തി. അഴകത്ത് സോണി & ഫാമിലി ലക്കി ഫാമിലിയായി തിരഞ്ഞെടുക്കപ്പെട്ടു. അതിനുശേഷം കുട്ടികളുടെ കലാപരിപാടികൾ നടന്നു. ഓണാഘോഷപരിപാടികളിലെ മത്സരങ്ങളും കലാപരിപാടികളും വാർഷികാഘോഷത്തിന് മാറ്റുകൂട്ടി. സോണി അഴകത്ത് യോഗത്തിൽ നന്ദി അർപ്പിച്ചു. മത്സരങ്ങളിൽ പങ്കെടുത്ത് വിജയിച്ചവർക്കും കലാപരിപാടികൾ അവതരിപ്പിച്ചവർക്കും സമ്മാനങ്ങൾ നൽകി. 8.30 ന് സ്നേഹവിരുന്നോടെ ആഘോഷങ്ങൾക്ക് സമാപനം കുറിച്ചു.

## സെന്റ് മേരീസ് കുടുംബയൂണിറ്റ്

തിണ്ടൂർക്കണ്ടി വാർഡിലെ സെന്റ് മേരീസ് യൂണിറ്റിന്റെ 2024 വർഷത്തെ വാർഷികം മാതാവിന്റെ പിറവി തിരുനാളിനോടനുബന്ധിച്ച് സെപ്റ്റംബർ 17-ാം തിയ്യതി യൂണിറ്റ് പ്രസിഡണ്ട് ശ്രീ. പ്രിൻസ് തിനംപറമ്പിലിന്റെ ഭവനത്തിൽ വെച്ച് നടന്നു. വൈകിട്ട് 5.30 ന് വിവിധ കലാപരിപാടികളോടുകൂടി ആരംഭിച്ച വാർഷികം ബഹുമാനപ്പെട്ട തോമസ് നാഗപറമ്പിലച്ചൻ അദ്ധ്യക്ഷത വഹിച്ചു. യൂണിറ്റ് പ്രസിഡണ്ട് ശ്രീ. പ്രിൻസ് തിനംപറമ്പിൽ സ്വാഗതം ആശംസിച്ചു.

യൂണിറ്റ് സെക്രട്ടറി ശ്രീമതി ടെസിമോൾ ആലക്കൽ 2024 വർഷത്തെ വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. അധ്യക്ഷപ്രസംഗത്തിൽ ബഹുമാനപ്പെട്ട വികാരിയച്ചൻ യൂണിറ്റിന്റെ കൂട്ടായ്മ മെച്ചപ്പെടുത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് സംസാരിച്ചു. ആനിമേറ്റേഴ്സായ സി.എം.സി. യിലെ സി. ലിഡിയ, സി. ടെസ്‌ലിൻ എന്നി

വർ ആശംസകളർപ്പിച്ചു. യൂണിറ്റിലെ എല്ലാ കുടുംബങ്ങളുടേയും പ്രാതിനിധ്യം ഉണ്ടായിരുന്നു.

വിവിധ കളികൾക്കുശേഷം നടന്ന കലാപരിപാടികളിൽ യൂണിറ്റിലെ വനിതകളുടെയും പുരുഷന്മാരുടെയും ഗ്രൂപ്പ സോങ്ങ്, കുസൃതി ക്വിസ്, കുട്ടികളുടെ ഡാൻസ്, പാട്ട് മുതിർന്ന പൗരന്മാരെ ആദരിക്കൽ, വിവിധ നറുക്കെടുപ്പുകൾ എന്നിവ പരിപാടികൾക്ക് മാറ്റുകൂട്ടി. യൂണിറ്റ് ട്രഷറർ ശ്രീ. ബേബി ആലയ്ക്കൽ നന്ദി പറഞ്ഞു. സ്നേഹവിരുന്നോടുകൂടി വാർഷികാഘോഷം പര്യവസാനിച്ചു.

## സെന്റ് ഹെലേന യൂണിറ്റ് കറ്റ്വാട്

സെപ്റ്റംബർ 14 വി. കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ. വിശുദ്ധ ഹെലേന ജറുസലേമിൽ യേശുവിന്റെ കുരിശ് കണ്ടെത്തിയതിന്റെ ഓർമ്മദിനം. യൂണിറ്റംഗങ്ങൾ ആ ദിനത്തിന്റെ മഹനീയത ഉൾക്കൊണ്ട് സ്നേഹാലയം സന്ദർശിക്കുകയും അന്തേവാസികൾക്ക് ഓണക്കോടികൾ സമ്മാനിക്കുകയും ചെയ്തു. പല കാരണങ്ങളാൽ ജീവിതാന്ത്യത്തിൽ അനാഥരായിത്തീർന്ന അന്തേവാസികളുടെ സ്വരം ശ്രവിക്കാനും അനുഭവങ്ങൾ കേൾക്കാനും ആരുമില്ലാത്ത അവസ്ഥയിൽ കഴിയുന്ന അവർക്ക്, ഞങ്ങളുടെ സന്ദർശനം സന്തോഷകരമായിരുന്നു. അവരുടെ സന്തോഷത്തിനായി ഞങ്ങൾ സംഘഗാനം ആലപിച്ചു. ആനിമേറ്റർമാരായ സി. ജോളി, സി. സീമ എന്നിവരുമൊത്ത് അവരോടു യാത്രപറയുമ്പോൾ സ്വാർത്ഥകമായ ഒരു പുണ്യദിവസത്തിന്റെ നല്ല ഓർമ്മകൾ ഞങ്ങൾക്ക് അനുഭവവേദ്യമായി.



## നമ്മുടെ ഇടവകയിൽ നിന്നും
## ലോഗോസ് ക്വിസ്സിന് ഉന്നതവിജയം നേടിയവർ

Group - F

| | | |
|---|---|---|
| സുഷമ ബേബി അറയ്ക്കൽ | - | 92 |
| ലില്ലി തോമസ് ഓവേലിൽ | - | 91 |
| മേരി അബ്രാഹം നെല്ലരിയിൽ | - | 84 |
| ലീലാമ്മ ജോസ് ഇളംതുരുത്തിയിൽ | - | 82 |
| ഗ്ലാഡിസ് ബേബി അവന്തിയിൽ | - | 81 |
| സെബാസ്റ്റ്യൻ മുത്തനാട്ട് | - | 76 |
| ലില്ലി കാരിക്കാട്ടിൽ | - | 75 |
| ഗ്രേസി കാക്കനാട്ട് | - | 73 |

Group - E

| | | |
|---|---|---|
| വത്സമ്മ ഫ്രാൻസിസ് കൊട്ടാരത്തിൽ | - | 91 |
| റോസ്മോൾ അഴകത്ത് | - | 90 |
| റോസിലി മാത്യു കൈതമറ്റം | - | 89 |
| മേഴ്സി മാത്യു പഴൂർ | - | 85 |
| ലൂസി കുര്യാക്കോസ് പുത്തൻപുരയ്ക്കൽ | - | 81 |
| മേരി ബെന്നി മുട്ടത്തുകുന്നേൽ | - | 79 |
| ആലീസ് വെള്ളാരംകുന്നേൽ | - | 78 |
| സി. ജെസ്ലിൻ CMC | - | 77 |
| തങ്കമ്മ ജോസ് വെട്ടിക്കുളങ്ങര | - | 71 |

Group - D

| | | |
|---|---|---|
| ഷൈനി താമരക്കാട്ട് | - | 96 |
| സുജ നീറമ്പുഴ | - | 82 |
| സുമി ഷിന്റോ പടിഞ്ഞാറേക്കൂറ്റ് | - | 81 |
| ജിസ്ന ഫ്രാൻസിസ് | - | 81 |
| ഷീജ സോമി വടശ്ശേരി | - | 77 |
| ജ്യോതി മറ്റക്കാട്ട് | - | 74 |
| സീമ സലേഷ് അഴകത്ത് | - | 73 |

Group - C

| | | |
|---|---|---|
| അന്ന കൂത്രപ്പള്ളിൽ | - | 74 |
| ആസ്ട്രിൽ ജെയിംസ് ചെറുശ്ശേരിൽ | - | 73 |

Group - B

**കുട്ടികളിൽ ഏറ്റവും മികച്ച മാർക്ക് നേടിയത്**

| | | |
|---|---|---|
| ഡിയോൺ ജോബി നരിവേലിപുതിയേടത്ത് | - | 70 |

**വിജയികൾക്ക് ഇടവക കുടുംബത്തിന്റെ അഭിനന്ദനങ്ങൾ**

# മിഷൻലീഗ് രൂപതാ മത്സര വിജയികൾ

**ബൈബിൾ റീഡിംഗ് 1st**



**ഇവാൻ ജേക്കബ്  
കുറ്റിക്കാട്ടുമണ്ണിൽ**

**കഥാരചന 1st**



**സാൻജോസ്  
അൽഫോൻസ് ജോളി  
ഉണ്ണ്യേപ്പിള്ളി**

**ക്വിസ്സ് 1st**



**ഡോൺ ജോബി  
നരിവേലി  
പുതിയേടത്ത്**

**സംഗീതം 1st**



**സ്നേഹ ടോമി  
ചക്കിട്ടമുറി**

**സംഗീതം 2nd**



**ജോസഫ് സ്നേഹിത്  
പുത്തൻപുരയ്ക്കൽ**

# അഭിനന്ദനങ്ങൾ

# മേഖലാ മത്സര വിജയികൾ

| സീനിയർ വിഭാഗം | | | |
|---|---|---|---|
| 1. | ഡോൺ ജോബി നരിവേലി പുതിയേടത്ത് | ക്വിസ്സ്<br>കവിതാ രചന | 1st<br>2nd |
| 2 | അലക്സ് ആന്റോ വാഴയിൽ | ക്വിസ്സ് | 3rd |
| 3. | ജോസഫ് സ്നേഹിത് പുത്തൻപുരക്കൽ | സംഗീതം | 2nd |
| 4. | ജെസ്മിൻ മാത്യു പുത്തൻപുരക്കൽ | ഉപന്യാസം | 2nd |
| 5. | ജേക്കബ് ബിജോയ് | ഉപന്യാസം | 3rd |

| | | | |
|---|---|---|---|
| 6. | റ്റിന ഐസക് വടക്കുപാടം | ക്വിസ്സ് | 1st |
| 7. | അനുഗ്രഹ മനോജ് തോണിപ്പാറ | പ്രസംഗം | 2nd |
| 8. | ആഗ്നസ് ബൈജു കാഞ്ഞിരത്തിങ്കൽ | സംഗീതം | 3rd |
| 9. | മരിയ മാത്യു കല്ലറയ്ക്കൽ | ഉപന്യാസം | 3rd |
| 10. | ഡെൽന സി.എസ്. കെയ്റോസ് | ചെറുകഥ | 2nd |
| | **സൂപ്പർ സീനിയർ വിഭാഗം** | | |
| 1. | സാന്ദ്രമരിയ ജോളി ഉണ്ണ്യേപ്പിള്ളി | ഉപന്യാസം | 1st |
| 2. | അൻവീന ജെയിംസ് ചെറുശ്ശേരി | ഉപന്യാസം | 2nd |
| 3. | ജോസ് കെ.എസ്. കാവിൽപുരയിടത്തിൽ | ഉപന്യാസം | 1st |
| 4. | പോൾ ചുങ്കത്ത് | ഉപന്യാസം | 3rd |
| 5. | ഷൈനി സെബാസ്റ്റ്യൻ താമരക്കാട്ട് | ക്വിസ് | 1st |
| 6. | ആസ്ട്രിൽ ജെയിംസ് ചെറുശ്ശേരി | ക്വിസ്സ് | 2nd |
| 7. | സ്നേഹ ടോമി ചക്കിട്ടമുറി | സംഗീതം | 1st |
| 8. | ഷോൺ തങ്കച്ചൻ ആനന്ദശ്ശേരി | സംഗീതം | 3rd |
| 9. | സ്വീറ്റി ജോസ് കൊച്ചുപുരയ്ക്കൽ | സംഗീതം | 3rd |
| 10. | ജോളി ജോസഫ് ഉണ്ണ്യേപ്പിള്ളി | ചെറുകഥ | 3rd |



# കുടുംബക്കൂട്ടായ്മ
# രൂപത – ഫൊറോനതല വിജയികൾ

## രൂപതാതലത്തിലെ മികച്ച കുടുംബക്കൂട്ടായ്മകൾ

1 മാങ്കാവ് സെന്റ് ആന്റണീസ് യൂണിറ്റ്

2 കട്ടിപ്പാറ ഏദൻ യൂണിറ്റ്

3 തിരുവമ്പാടി സെന്റ് സെബാസ്റ്റ്യൻ യൂണിറ്റ്

## ഫൊറോനതല വിജയികൾ

| | | |
|---|---|---|
| കരുവാരകുണ്ട് | കരുവാരകുണ്ട് സെന്റ് ജോർജ് (കണ്ണാത്ത് 1) യൂണിറ്റ് | ഒന്നാം സ്ഥാനം |
| കോടഞ്ചേരി | തെയ്യപ്പാറ സെന്റ് മേരീസ് യൂണിറ്റ് | ഒന്നാം സ്ഥാനം |
| | തെയ്യപ്പാറ സെന്റ് ജോസഫ് യൂണിറ്റ് | രണ്ടാം സ്ഥാനം |
| | കൂപ്പായക്കോട് സെന്റ് മരിയാ ഗൊരേത്തി യൂണിറ്റ് | മൂന്നാം സ്ഥാനം |
| കൂരാച്ചുണ്ട് | കക്കയം സെന്റ് മേരീസ് യൂണിറ്റ് | ഒന്നാം സ്ഥാനം |
| | കക്കയം സെന്റ് ചാവറ കുര്യാക്കോസ് യൂണിറ്റ് | രണ്ടാം സ്ഥാനം |
| | കൂരാച്ചുണ്ട് സെന്റ് സാവിയോ യൂണിറ്റ് (പൂവത്തുംചോല) | മൂന്നാം സ്ഥാനം |
| | കൂരാച്ചുണ്ട് സെന്റ് അൽഫോൻസ യൂണിറ്റ് | A+ ഗ്രേഡ് |
| മരുതോങ്കര | മരുതോങ്കര സെന്റ് ജോൺ പോൾ യൂണിറ്റ് (നെടുംപൊയിൽ എ) | ഒന്നാം സ്ഥാനം |
| | മരുതോങ്കര മുണ്ടവയൽ യൂണിറ്റ് | രണ്ടാം സ്ഥാനം |
| | മരുതോങ്കര മുള്ളൻകുന്ന് എ യൂണിറ്റ് | മൂന്നാം സ്ഥാനം |
| പാറോപ്പടി | മാങ്കാവ് സെന്റ് ആന്റണീസ് യൂണിറ്റ് | ഒന്നാം സ്ഥാനം |
| | മാങ്കാവ് സെന്റ് ജോസഫ് യൂണിറ്റ് | രണ്ടാം സ്ഥാനം |
| | മാങ്കാവ് സെന്റ് ജൂഡ് യൂണിറ്റ് | മൂന്നാം സ്ഥാനം |
| താമരശ്ശേരി | കട്ടിപ്പാറ ഏദൻ യൂണിറ്റ് | ഒന്നാം സ്ഥാനം |
| | താമരശ്ശേരി സെന്റ് തെരേസാസ് വൃന്ദാവൻ | രണ്ടാം സ്ഥാനം |
| | കട്ടിപ്പാറ പാലസ്തീന (സെന്റ് അൽഫോൻസ) യൂണിറ്റ് | മൂന്നാം സ്ഥാനം |
| തിരുവമ്പാടി | തിരുവമ്പാടി സെന്റ്. സെബാസ്റ്റ്യൻ യൂണിറ്റ് | ഒന്നാം സ്ഥാനം |
| | വേനപ്പാറ സെന്റ് തോമസ് യൂണിറ്റ് | രണ്ടാം സ്ഥാനം |
| | തിരുവമ്പാടി സെന്റ് ഹെലൻ യൂണിറ്റ് | മൂന്നാം സ്ഥാനം |
| | തിരുവമ്പാടി സെന്റ് ജോൺ ബ്രിട്ടോ യൂണിറ്റ് | A+ ഗ്രേഡ് |
| | തിരുവമ്പാടി സെന്റ് ഡാമിയൻ യൂണിറ്റ് | A+ ഗ്രേഡ് |
| തോട്ടുമുക്കം | തോട്ടുമുക്കം സെന്റ് എവുപ്രാസ്യ യൂണിറ്റ് | ഒന്നാം സ്ഥാനം |
| | തോട്ടുമുക്കം സെന്റ് അൽഫോൻസ യൂണിറ്റ് | രണ്ടാം സ്ഥാനം |
| | തോട്ടുമുക്കം സെന്റ് മേരീസ് യൂണിറ്റ് | മൂന്നാം സ്ഥാനം |
| | തോട്ടുമുക്കം സെന്റ് ജോൺ പോൾ യൂണിറ്റ് | A+ ഗ്രേഡ് |

# സ്കൂൾ വാർത്തകൾ

## സേക്രഡ് ഹാർട്ട് യു.പി. സ്കൂൾ

- സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് ജില്ലാ അക്കാദമിക് കൗൺസിൽ നടത്തിയ ഉറുദു പ്രസംഗ മത്സരത്തിൽ റൗളാ ശരീഫ ഒന്നാം സ്ഥാനം നേടി.
- മുക്കം സബ്ജില്ലാ ജൂനിയർ വിഭാഗം വോളിബോളിൽ സ്കൂൾ ജേതാക്കളായി
- മുക്കം ഉപജില്ല ഐ.ടി. ക്വിസിൽ ഫാത്തിമ സെൻഹ മൂന്നാം സ്ഥാനം നേടി.
- കോഴിക്കോട് ജില്ലാ സ്കൂൾ അത്‌ലറ്റിക് മീറ്റിൽ ഷോട്ട്പുട്ട് സബ്ജൂനിയർ ഭാഗത്തിൽ ഗോൾഡ് മെഡലും ഡിസ്കസ്ത്രോ സബ്ജൂനിയർ വിഭാഗത്തിൽ സിൽവർ മെഡലും കിഡ്സ് ജാവലിൻ അണ്ടർ ഫോർടീൻ വിഭാഗത്തിൽ സിൽവർ മെഡലും അനന്യ അനിൽ കരസ്ഥമാക്കി.
- ഗാന്ധിജയന്തി ദിനത്തിൽ ഗാന്ധി സ്ക്വയറിൽ നടത്തിയ അസംബ്ലിയിൽ ഹെഡ്മാസ്റ്റർ സുനിൽ പോൾ സന്ദേശം നൽകി.
- ഗാന്ധിസ്മൃതിയിൽ ജെ.ആർ.സി., സ്കൗട്ട്, ഗൈഡ് ടീമംഗങ്ങൾ പുഷ്പാർച്ചന നടത്തി.
- താമരശ്ശേരി രൂപത എജുക്കേഷണൽ ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ നടത്തിയ സ്കൂൾതല മെഗാ ക്വിസിൽ എൽ.പി. വിഭാഗത്തിൽ എൽവിൻ വർഗീസ്, എയ്ഞ്ചൽ അബ്രഹാം, യു.പി. വിഭാഗത്തിൽ മുഹമ്മദ് യാസീൻ, ആദിലക്ഷ്മി എന്നിവർ സമ്മാനാർഹരായി.
- മുക്കം ഉപജില്ലാ ശാസ്ത്രമേളയിൽ ഉപ ജില്ലയിലെ ഏറ്റവും മികച്ച രണ്ടാമത്തെ സ്കൂളും കോർപ്പറേറ്റ് സ്കൂളുകളിൽ ഒന്നാമതും എത്താൻ സേക്രട്ട് ഹാർട്ട് യു.പി. സ്കൂളിന് സാധിച്ചു.
- സ്കൂൾ ആതിഥേയത്വം വഹിച്ച ഗണിത ശാസ്ത്ര മേളയിൽ എൽ.പി. ഗണിതശാസ്ത്രം സാമൂഹ്യശാസ്ത്രം എന്നീ വിഭാഗങ്ങളിൽ ഓവറോൾ ഒന്നാം സ്ഥാനവും എൽ.പി. ശാസ്ത്രം യു.പി. സാമൂഹ്യശാസ്ത്രം എന്നിവയിൽ ഓവറോൾ രണ്ടാം സ്ഥാനവും എൽ.പി പ്രവൃത്തി പരിചയം, യു.പി. ഗണിതം എന്നിവയിൽ ഓവറോൾ മൂന്നാം സ്ഥാനവും നേടി.

# സേക്രഡ് ഹാർട്ട് ഹയർസെക്കണ്ടറി സ്കൂൾ


- മുക്കം ഉപജില്ലാ സോഷ്യൽ സയൻസ് ക്വിസ്സിൽ മൂന്നാം സ്ഥാനം നേടിയ സൂര്യദേവിന് അഭിനന്ദനങ്ങൾ.
- നല്ലപാഠം ക്ലബ്ബിന്റെ നേതൃത്വത്തിൽ തിരുവമ്പാടി മിൽ മുക്ക് അങ്കണവാടിയിലെ കൊച്ചുകുട്ടികൾക്കായി പുസ്തകശാല ഒരുക്കി
- ഓണം ആഘോഷിക്കാൻ നല്ല പാഠം ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഭക്ഷ്യ വിഭവങ്ങളുടെ കിറ്റ് ഒരുക്കി, സ്കൂളിലെ അർഹതപ്പെട്ട കുട്ടികളുടെ കുടുംബങ്ങൾക്ക് നൽകി.
- നല്ല പാഠം ക്ലബ്ബിന്റെ നേതൃത്വത്തിൽ യോഗ പരിശീലനം നടത്തി. കുറ്റിക്കാട്ടൂർ പ്രകൃതി ചികിൽസാ കേന്ദ്രത്തിലെ യോഗ പരിശീലകൻ വി.കെ. വിനീഷ് ആണ് കുട്ടികൾക്കായി യോഗാപരിശീലനം നടത്തിയത്
- പുല്ലാഞ്ഞിമേട് യേശുഭവനിലെ അന്തേവാസികളുമൊത്ത് നല്ല പാഠം ക്ലബ്ബിന്റെ നേതൃത്വത്തിൽ നടത്തിയ വയോജന ദിനാഘോഷത്തിൽ കലാപരിപാടികൾ അവതരിപ്പിച്ചും മധുരം വിതരണം ചെയ്തും കുട്ടികൾ അവിസ്മരണീയമാക്കി.
- കോഴിക്കോട് റവന്യൂ ജില്ലാ ശാസ്ത്രമേളയിലും സാമൂഹ്യശാസ്ത്രമേളയിലും ഗണിതശാസ്ത്രമേളയിലും പ്രവൃത്തി പരിചയ ഐ.ടി. മേളകളിലും ഉയർന്ന ഗ്രേഡുകൾ നേടിക്കൊണ്ട് നമ്മുടെ കുട്ടികൾ തിളക്കമാർന്ന വിജയം കരസ്ഥമാക്കി.



**ബഹു. ജെയിംസ് മൊന്തനാരി അച്ചന്റെ എഴിമലയിലെ കല്ലറയ്ക്കു മുൻപിൽ വികാരിയച്ചനോടൊപ്പം പാരിഷ് കൗൺസിൽ അംഗങ്ങൾ**

# പ്രിയ ജോസഫ് കാപ്പിലച്ചന് ആദരാഞ്ജലികൾ

40 വർഷത്തിലേറെ നീണ്ടുനിന്ന തന്റെ പൗരോഹിത്യ ശുശ്രൂഷയിലൂടെ തലശ്ശേരി, താമരശ്ശേരി രൂപതകളിലായി 16 ൽ അധികം ഇടവകകളിൽ ആധ്യാത്മിക പ്രഭ ചൊരിഞ്ഞ ബഹു. ജോസഫ് കാപ്പിൽ അച്ചൻ ഇക്കഴിഞ്ഞ സെപ്റ്റംബർ 28 ന് നിത്യസമ്മാനത്തിനായി വിട പറഞ്ഞു. 2009-10 കാലത്ത് ഒരു വർഷം മാത്രമാണ് അദ്ദേഹം തിരുവമ്പാടി ഇടവകയിൽ ആധ്യാത്മിക ശുശ്രൂഷ നിർവ്വഹിച്ചതെങ്കിലും അഗാധമായ ബൈബിൾ പാണ്ഡിത്യത്തോടെയുള്ള ധ്യാനപ്രസംഗങ്ങളും ഊഷ്മളതയാർന്ന പ്രാർത്ഥനാ ചൈതന്യവും ഒരു ധ്യാനമെന്നപോലെ അനുഭവവേദ്യമാകുന്ന കുർബ്ബാനയർപ്പണവും എല്ലാം അദ്ദേഹത്തെ ചിരസ്മരണീയമാക്കുന്നു. താമരശ്ശേരി രൂപതയുടെ ആധ്യാത്മിക നവീകരണത്തിന്റെ അടിസ്ഥാന ശിലയായി വളർന്ന ബഥാനിയ ധ്യാന കേന്ദ്രത്തിന്റെ സ്ഥാപക ഡയറക്ടർ എന്ന നിലയിൽ കർമ്മചൈതന്യത്തോടെയും ദീർഘദൃഷ്ടിയോടെയും അദ്ദേഹം നടത്തിയ ക്രമീകരണങ്ങളും പ്രവർത്തനങ്ങളും സേവനങ്ങളും എല്ലാക്കാലവും സ്മരിക്കപ്പെടും.



തൊടുപുഴയ്ക്കടുത്ത് നെടിയശാലയിൽ കർഷകനായ കാപ്പിൽ ദേവസ്യ-അന്ന ദമ്പതികളുടെ നാലു മക്കളിൽ രണ്ടാമനായി 1944 ജൂലൈ 6നാണ് ജോസഫ് ജനിച്ചത്. ശൈശവത്തിൽ തന്നെ കുടുംബത്തോടൊത്ത് മലബാറിലെ കൂരാച്ചുണ്ടിലേക്ക് കുടയേറ്റക്കാരനായി എത്തി. കൂരാച്ചുണ്ട് യു.പി. സ്കൂളിലും കുളത്തുവയൽ ഹൈസ്കൂളിലുമായി സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം. തലശ്ശേരി മൈനർ സെമിനാരിയിൽ വൈദികാർത്ഥിയായി ചേർന്നു. മംഗലപ്പുഴ മേജർ സെമിനാരിയിൽ ഉപരിപഠനം നടത്തുന്നതിനിടെ തിയോളജി പഠനത്തിനായി റോമിലെ പ്രോപ്പഗാന്ത കോളേജിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു.

റോമിലെ ഉർബാനിയ യൂണിവേഴ്സിറ്റിയിൽ നിന്ന് തിയോളജിയിലും ലിറ്റർജിയിലും ലൈസൻഷ്യേറ്റ് കരസ്ഥമാക്കിയ അദ്ദേഹം രണ്ടുവർഷത്തോളം ജറുസലേമിൽ താമസിച്ച് ബൈബിൾ ഡിപ്ലോമ കോഴ്സും പൂർത്തീകരിച്ചു. 1970 മെയ് 17 ന് പന്തക്കുസ്താ തിരു

നാളിൽ വത്തിക്കാനിലെ വി. പത്രോസിന്റെ ബസ്ലിക്കയിൽ വെച്ച് തിരുപ്പട്ടം സ്വീകരിക്കുകയും പ്രഥമ ദിവ്യബലിയർപ്പിക്കുകയും ചെയ്തു.

1971 ൽ തലശ്ശേരിയിൽ മടങ്ങിയെത്തിയ ജോസഫച്ചൻ മാനന്തവാടി ഇടവകയിൽ അസി. വികാരിയായി സേവനം ആരംഭിച്ചു. 1972 മുതൽ 1974 വരെ അദ്ദേഹം വള്ളോപ്പള്ളി പിതാവിന്റെ സെക്രട്ടറിയായി സേവനം ചെയ്തു. തുടർന്ന് തലശ്ശേരി രൂപതയിലെ പെരുമ്പുന്ന, ഷീരാടി, നെല്ലിയാടി, നെല്ലിക്കുറ്റി, ചാപ്പൻതോട്ടം, തേക്കുംകുറ്റി, താമരശ്ശേരി, മരുതോങ്കര, തിരുവമ്പാടി, പെരിന്തൽമണ്ണ, മുക്കം എന്നിവിടങ്ങളിൽ വികാരിയായി സേവനം ചെയ്തു. 1987ൽ ബഹു സെബാസ്റ്റ്യൻ മങ്കുഴിക്കരി പിതാവിനോടൊത്ത് താമരശ്ശേരി രൂപത പ്രൊക്യുറേറ്റർ ആയി സേവനം ചെയ്തു. 1993 ൽ ബഥാനിയ ഡയറക്ടർ ആയി നിയമിതനായി. മങ്കുഴിക്കരി പിതാവിന്റെ നിര്യാണത്തിനു ശേഷം അദ്ദേഹം വീണ്ടും രൂപതാ പ്രൊക്യുറേറ്റർ ആയി സേവനം തുടർന്നു. 2000 ൽ പ്രീസ്റ്റ് ഹോം, പി.എം.ഓ.സി' കാറ്റികിസം, ബൈബിൾ അപ്പോസ്തലേറ്റ് എന്നിവയുടെ ഡയറക്ടർ ആയി. രൂപതയുടെ എപ്പാർക്കിയൽ കൺസൾട്ടർ, ലിറ്റർജി കമ്മീഷൻ ഡയറക്ടർ എന്നീ ചുമതലകളും അദ്ദേഹം നിർവഹിച്ചു.

2015 ൽ ആരോഗ്യപരമായ കാരണങ്ങളാൽ ഇടവകാസേവനത്തിൽ നിന്ന് അദ്ദേഹം റിട്ടയർ ചെയ്തു. പ്രീസ്റ്റ് ഹോമിൽ ആയിരിക്കുമ്പോഴും കുളത്തുവയൽ, ചുണ്ടത്തുംപൊയിൽ എന്നീ ഇടവകകളിൽ വികാരി ഇൻ ചാർജ് ആയി സേവനം തുടർന്നു.

1995 മുതൽ 55 തവണ ജോസഫ് അച്ചൻ വിശുദ്ധ നാട്ടിലേക്ക് തീർത്ഥാടകരുമായി യാത്ര ചെയ്തു.വിശുദ്ധ നാട്ടിലെ ഓരോ ചെറിയ സ്ഥലം പോലും വളരെ കൃത്യതയോടെ അദ്ദേഹത്തിന് അറിയാമായിരുന്നു എന്നു മാത്രമല്ല അവയുടെ ബൈബിൾ സംബന്ധമായ പ്രാധാന്യവും അദ്ദേഹം സംഘങ്ങൾക്ക് വിവരിച്ചു നൽകുമായിരുന്നുവെന്ന് അദ്ദേഹത്തോടൊത്ത് തീർത്ഥാടനം നടത്തിയവർ സാക്ഷ്യപ്പെടുത്തുകയുണ്ടായി.

ശാരീരിക അസ്വസ്ഥതകളെ പലപ്പോഴും കാര്യമാക്കാതിരുന്ന ജോസഫച്ചൻ കുറഞ്ഞ ദിവസം മാത്രം രോഗക്കിടക്കയിലായിരുന്നു. സെപ്റ്റംബർ 28 ന് ശനിയാഴ്ച അദ്ദേഹം നിത്യശാന്തിയുടെ ലോകത്തേക്ക് തീർത്ഥാടകനായി. സെപ്റ്റംബർ 28 ന് പ്രീസ്റ്റ് ഹോമിൽ ജോസഫച്ചന്റെ ഭൗതികശരീരം അന്ത്യ ദർശനത്തിനായി അവസരം ഒരുക്കിയപ്പോൾ തിരുവമ്പാടിയിൽ നിന്ന് ബഹുമാനപ്പെട്ട വികാരിയച്ചന്റെ നേതൃത്വത്തിൽ അന്ത്യോപചാരമർപ്പിക്കുകയുംഇടവകയുടെ ആദരാഞ്ജലികൾ സമർപ്പിക്കുകയും ചെയ്തു. 29 ന് ഞായറാഴ്ച

താമരശ്ശേരി കത്തീഡ്രൽ ദേവാലയത്തിലും ധാരാളം വൈദികരും സന്യസ്തരും ഇടവകാംഗങ്ങളും അദ്ദേഹത്തിന് ആദരാഞ്ജലി യർപ്പിച്ചു. സെപ്റ്റംബർ 30ന് തിങ്കളാഴ്ച, തലശ്ശേരി അതിരൂപതയിലെ തേർത്തല്ലിക്ക് അടുത്തുള്ള കോടോപ്പള്ളിയിൽ അദ്ദേഹത്തിന്റെ സഹോദരൻ ശ്രീ. ജോസ് കാപ്പിലിന്റെ ഭവനത്തിൽ മൃതസംസ്കാര ശു ശ്രൂഷകൾ ആരംഭിച്ചു. കോടോപ്പള്ളി സെന്റ് സെബാസ്റ്റ്യൻസ് ദേവാ ലയത്തിൽ നടന്ന ശുശ്രൂഷകൾക്ക് തലശ്ശേരി രൂപത മുൻ ആർച്ച് ബിഷപ്പ് മാർ ജോർജ് വലിയ മറ്റം, മാനന്തവാടി മെത്രാൻ മാർ ജോസ് പൊരുന്നേടം എന്നിവർ മുഖ്യകാർമികത്വം വഹിച്ചു. തിരുവമ്പാടി ഇടവകയിൽ നിന്ന് ബഹുമാനപ്പെട്ട ആൽബിൻ കൊച്ചച്ചന്റെ നേതൃത്വ ത്തിൽ കൈക്കാരന്മാരും കർമ്മലീത്ത സിസ്റ്റർമാരും ശുശ്രൂഷകളിൽ പങ്കുചേർന്നു കൃതജ്ഞതയർപ്പിച്ചു.

ഒരു വർഷം മാത്രമേ അദ്ദേഹം തിരുവമ്പാടി ഇടവകയിൽ സേവനം ചെയ്തുള്ളൂ എങ്കിലും ഇടവകയുടെ അഭിമാന സ്ഥാപന മായി വളർന്ന പാരിഷ് ഹോളിന്റെ നിർമ്മാണത്തിനുള്ള പ്രാരംഭ പ്ര വർത്തനങ്ങൾ ആരംഭിച്ചത് അദ്ദേഹത്തിന്റെ സേവന കാലത്താണ് എന്നത് കാപ്പിലച്ചന്റെ ഓർമ്മയെ എന്നും നിലനിർത്തും.

അദ്ദേഹത്തോടൊപ്പം കൈക്കാരന്മാരായി സേവനം ചെയ്ത ശ്രീ. ഷാജു ചാരുപ്ലാക്കൽ, ശ്രീ. ബെന്നി വേങ്ങചുവട്ടിൽ, ശ്രീ. ജോസഫ് പുലക്കുടിയിൽ, ശ്രീ. ജോൺ മനപ്പുറം എന്നിവരും ധാരാളം ഇടവകാം ഗങ്ങളും പ്രിയ ജോസഫ് അച്ചന്റെ സേവനങ്ങളെ കൃതജ്ഞതയോടെ അനുസ്മരിക്കുകയുണ്ടായി.

54 വർഷത്തെ വൈദിക സേവനകാലത്തിനുള്ളി ൽ – 55 തവണ വിശുദ്ധ നാട്ടിലൂടെ തീർത്ഥാടനം നടത്താൻ ഒരു വൈദികനു കഴിയുക – അതൊരു അനിതരസാധാരണമായ ഭാഗ്യമാണ്. യേശുവിന്റെ പാദ മുദ്ര പതിഞ്ഞ പാതകളിലൂടെയുള്ള ഓരോ യാത്രയും അദ്ദേഹത്തെ കൂടുതൽ കൂടുതൽ ഊർജ്ജസ്വലനാക്കി. രക്ഷയുടെ സുവിശേഷം തലമുറകൾക്ക് പകരാനും ആശയറ്റവർക്കും മനസ്സു തകർന്നവർക്കും ആശ്വാസദീപ്തി പകരാനുമായി പരമശ്രേഷ്ഠമായ വൈദികാന്ത സിന്റെ വിളി സ്വീകരിച്ച കാപ്പിലച്ചൻ, സ്വർഗ്ഗീയോന്മുകമായ തന്റെ തീർത്ഥയാത്ര യുടെ ലക്ഷ്യത്തിലെത്തിയപ്പോൾ, നമ്മുടെ ഇടവകക്കും രൂപതക്കും സർവ്വോപരി സീറോ മലബാർ സഭക്കും അദ്ദേഹത്തിലൂടെ ലഭിച്ച ദൈവാനുഗ്രഹങ്ങൾക്ക് പ്രാർത്ഥനാപൂർവ്വം നന്ദി പറയാം. അദ്ദേഹത്തിന്റെ പാവന സ്മരണക്കു മുമ്പിൽ തിരുവമ്പാടി ഇടവ കാ സമൂഹത്തിന്റെയും ഹൃദയനാദത്തിന്റെയും സ്നേഹ പുഷ്പാഞ് ജലികൾ.

**കെ.ടി. ജോസഫ്**

# ആദരാഞ്ജലികൾ

**42–ാം ചരമവാർഷികം**

**മരണം : 18.11.1982**



## ഫാ. എസ്.കെ. ഇളംതുരുത്തിൽ

1965 മുതൽ 1966 വരെ തിരുവമ്പാടി ഫൊറോന
വികാരിയായി സേവനം ചെയ്ത
ആദ്യത്തെ രൂപതാ വൈദികൻ കൂടിയായ
ബഹു: **സെബാസ്റ്റ്യൻ കുരുവിള**
**ഇളംതുരുത്തിൽ** അച്ചന്റെ
പാവനസ്മരണയ്ക്കുമുമ്പിൽ
ഇടവകാസമൂഹത്തിന്റെ

**ആദരാഞ്ജലികൾ!**

# പാവനസ്മരണയ്ക്ക്

6–ാം ചരമവാർഷികം (21.11.2024)



## ബേബി
## ഇളംതുരുത്തിയിൽ

ജനനം : 20. 01. 1964
മരണം : 21. 11. 2018

പ്രാർത്ഥനയോടെ
**കുടുംബാംഗങ്ങൾ**

# സി. ലിസി ഇളംതുരുത്തിലിന്
# ആദരാഞ്ജലികൾ

**കെ.ടി. ജോസഫ്**

ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് (എഫ്.സി.സി.) സഭാംഗവും നമ്മുടെ ഇടവകാ കുടുംബാംഗവുമായിരുന്ന സി. ലിസി ഇളംതുരുത്തിൽ ഇക്കഴിഞ്ഞ ഓഗസ്റ്റ് 31 ന് നിത്യതയുടെ ലോകത്തേക്ക് പറന്നകന്നു. ഏതാനും വർഷങ്ങളായി രോഗപീഡകളാൽ സഹനത്തിന്റെ കനൽ പാതകളിലൂടെ കടന്നു പോയിരുന്ന ലിസി സിസ്റ്റർ, വളരെ ചെറുപ്രായത്തിൽ തന്നെ ജീവിത വിശുദ്ധിയോടെ ദിവ്യനാഥന്റെ വിളി സ്വീകരിച്ച് സ്വർഗ്ഗീയാരാമത്തിലേക്ക് ആനയിക്കപ്പെടുകയായിരുന്നു.



പാലക്കടവ് വാർഡിൽ ക്രിസ്തുരാജ കുടുംബയൂണിറ്റിൽ ഇളംതുരുത്തിൽ പരേതനായ കുരുവിളയുടെയും പുതിയിടത്തുചാലിൽ കുടുംബാംഗമായ അന്നമ്മയുടെയും ഏഴുമക്കളിൽ ഏറ്റവും ഇളയവളായി 1968 ഫെബ്രുവരി 10 ന് ജനിച്ച ലിസിക്ക് 9 വയസ്സുള്ളപ്പോൾ തന്നെ പിതാവിനെ നഷ്ടമായി. തിരുവമ്പാടി യു.പി. സ്കൂളിലും ഹൈസ്കൂളിലുമായി വിദ്യാഭ്യാസത്തിനുശേഷം ചേച്ചി സോഫിയുടെ മാർഗ്ഗം സ്വീകരിച്ച് ഫ്രാൻസിസ്കൻ സന്യാസ സഭയിൽ ചേരുകയായിരുന്നു. 1987 ൽ കൂടത്തായി ക്ലാരമഠത്തിലാണ് അർത്ഥിനിയായി ചേർന്നത്. 1991 ൽ പ്രഥമവ്രതവാഗ്ദാനവും 1996 ൽ നിത്യവ്രതവാഗ്ദാനവും നടത്തി, ഫ്രാൻസിസ്കൻ സഭയിലെ അംഗമായി. 1992 മുതൽ 1997 വരെ കോടഞ്ചേരി മഠത്തിനോടനുബന്ധിച്ചുള്ള നഴ്സറി സ്കൂളിൽ അധ്യാപികയായി സേവനം ചെയ്തു. ഇക്കാലത്തുതന്നെ ഫാർമസിയിൽ ഡിപ്ലോമയും കരസ്ഥമാക്കിയ സി. ലിസി മലപ്പുറം ജില്ലയിലെ കരിങ്കല്ലത്താണിയിലുള്ള സെന്റ് മേരീസ് ആശുപത്രിയിൽ ഫാർമസിസ്റ്റായി ആതുരസേവനം ആരംഭിച്ചു. 2005 ൽ തലച്ചോറിൽ രക്തസ്രാവം ഉണ്ടാകുന്ന സെറിബ്രൽ അനൂറിസം എന്ന അപൂർവ്വമായ രോഗം സി. ലിസിയെ കടന്നാക്രമിച്ചു. ഏതാനും മാസങ്ങളിലെ ചികിത്സയ്ക്കുശേഷം വീണ്ടും ലിസി ഫാർമസിസ്റ്റിന്റെ ജോലി തുടർന്നും ചെയ്യാൻ പ്രാപ്തി നേടി.

തികച്ചും അപ്രതീക്ഷിതമായി 2015 ൽ അതേ രോഗാവസ്ഥയിലേക്ക് സി. ലിസി വീണ്ടും തിരിച്ചെത്തി. തലച്ചോറിലുണ്ടായ

ശക്തമായ ബ്ലീഡിംഗ് ലിസിയെ ശയ്യാവലംബിയാക്കി. തുടർന്നുള്ള ഒമ്പതു വർഷങ്ങൾ സഹനത്തിന്റേതായിരുന്നു. വേദനകളും പ്രയാസങ്ങളും ഉണ്ടെങ്കിലും സി.ലിസി എപ്പോഴും സന്തോഷവതിയായിരുന്നു. 2024 ഓഗസ്റ്റ് 31 ന് രോഗീലേപന ശുശ്രൂഷ സ്വീകരിച്ച് നിത്യശാന്തിയുടെ ലോകത്തേക്ക്  സി. ലിസി യാത്രയായി. സെപ്റ്റംബർ 1 ന് ഈരൂട് മഠത്തിൽ അഭിവന്ദ്യ റെമീജിയോസ് പിതാവിന്റെ കാർമ്മികത്വത്തിൽ ആരംഭിച്ച മൃതസംസ്കാര ശുശ്രൂഷകൾക്കുശേഷം കോടഞ്ചേരി സെന്റ് മേരീസ് ദേവാലയ സെമിത്തേരിയിൽ സി. ലിസി പുനരുത്ഥാനത്തിന്റെ പ്രതീക്ഷകളുമായി നിത്യനിദ്രയിൽ വിലയം പ്രാപിച്ചു.

കുഞ്ഞു പ്രായത്തിൽ തന്നെ ചെറുപുഷ്പമിഷൻ ലീഗിന്റെ പ്രവർത്തനങ്ങളിൽ മുൻ നിരയിലുണ്ടായിരുന്ന സി. ലിസിയും ചേച്ചി സി. സോഫി എഫ്.സി.സി.യും യു.പി. സ്കൂളിലും  സൺഡേസ്കൂളിലും എന്റെ  പ്രിയ വിദ്യാർത്ഥിനികളായിരുന്നു. കരിങ്കല്ലത്താണി മഠത്തിൽ ഫാർമസിസ്റ്റ്  ആയിരിക്കേയാണ് സി. ലിസിയെ അവസാനമായി കണ്ടത്. ആദ്യകാല മിഷൻ ലീഗിന്റെ മുൻനിര പ്രവർത്തകനായിരുന്ന, ആറു വർഷം മുമ്പ് നിര്യാതനായ  ലിസിയുടെ സഹോദരൻ ബേബി ഇളന്തുരുത്തിയെയും സ്നേഹത്തോടെ സ്മരിക്കുകയാണ്.

നമുക്കു വേണ്ടി ദൈവതിരുമുമ്പാകെ മാധ്യസ്ഥ്യം വഹിക്കാൻ പ്രിയ ലിസി സിസ്റ്റർ ഉണ്ടെന്നുള്ള പ്രത്യാശയോടെ, തിരുവമ്പാടി ഇടവക കുടുംബത്തിന്റെ പേരിലും മിഷൻ ലീഗിന്റെ പേരിലും വ്യക്തിപരമായ നിലയിലും പാവനസ്മരണക്കു മുമ്പിൽ സ്നേഹപുഷ്പാഞ്ജലികൾ


## അഭിനന്ദനങ്ങൾ



താമരശ്ശേരി രൂപതയുടെ വിശ്വാസ പരിശീലന കേന്ദ്രം സംഘടിപ്പിച്ച **Family Quiz 2024** ൽ പങ്കെടുക്കുകയും രൂപത തലത്തിൽ രണ്ടാം സ്ഥാനം നേടുകയും ചെയ്ത **നരിവേലി പുതിയേടത്ത് ഫാമിലിയിലെ ജോബിക്കും ജിഷയ്ക്കും ഡോണിനും ഡിയോണിനും ഡെൽവിനും ഇടവകയുടെ അഭിനന്ദനങ്ങൾ.**

# കാത്തിരിപ്പ്...

ജീസൺ ജോർജ്ജ് കളപ്പുര



കാലിത്തൊഴുത്തിൽ പിറന്ന നിന്റെ,
കാലൊച്ച കേൾക്കുവാൻ കാത്തിരിപ്പൂ,
കാലങ്ങൾക്കിപ്പുറം ഹൃത്തടത്തിൽ,
കാവലായ് വീണ്ടും ജനിച്ചിടേണേ.

മോഹങ്ങൾ ചുറ്റിലും തേടിടുന്നു,
മോദങ്ങൾ,പാപത്തിൻ വീഥികളിൽ ;
മാടിവിളിയ്ക്കുമാ വേളകളിൽ,
മോഹിച്ചുപോകുമേ മാനസവും.

കൂട്ടിനായ് നീയെന്നും ചാരെ വേണം,
കാട്ടിത്തരേണമേ നൽവഴികൾ.
കൈപിടിച്ചെന്നുമേ തോഴനായി,
കൂടെ നീ വാഴണം സ്നേഹമോടെ.

വഴിവിളക്കായി നിൻ വചനമെന്നും,
വീഥിയിൽ ശോഭ പരത്തിടട്ടേ;
വഴികളിൽ പാപത്തിൻ കുഴികളുണ്ട്,
വീഴാതെ കാക്കണേ പൈതലേശു.

ദുർഘടമാണെന്റെ പാതയെന്നും,
ദുർഗ്ഗതിയേകി ശപിച്ചിടല്ലേ.
ദുഃഖത്തിൽ മാനസം നീറിടുമ്പോൾ,
ദയവാർന്നു നീയെന്നെ നോക്കിടേണേ.

ഭാരിച്ച ജീവിത ക്ലേശങ്ങളാൽ,
ഭൂവിതിൽ ജീവിതം ശോകമാകെ,
ചാരത്തു നീയെന്നും കൂടെ വേണം,
ഓരത്തു വഴികളിൽ കാവലായും.

പുണ്യങ്ങൾ കൊണ്ടു ഞാൻ തീർത്തിടാമേ,
പുൽക്കൂട് ഞാനെന്റെ ഹൃത്തിലൊന്ന്,
പാരിന്റെ നാഥനാം യേശുവേ നീ,
പാപിയാമെന്നിൽ പിറന്നിടണേ.

# പാവനസ്മരണയ്ക്ക്

8-ാം ചരമവാർഷികം 23.11.2024

6-ാം ചരമവാർഷികം 26.12.2024



**M.J. ദേവസ്യ**

മരണം : 23.11.2016

**ഏലിയാമ്മ**

മരണം : 26.12.2018

**മഞ്ഞക്കുന്നേൽ**

സ്നേഹസ്മരണകളോടെ കുടുംബാംഗങ്ങൾ

# സ്നേഹസ്മരണയ്ക്ക്



3-ാം ചരമവാർഷികം

02.12.2024

**പി.എൽ. സിസിലി ടീച്ചർ**

**തെങ്ങുംമൂട്ടിൽ**

മരണം : 02.12.2021

പ്രാർത്ഥനാപൂർവ്വം കുടുംബാംഗങ്ങൾ

## സ്നേഹസ്മരണയ്ക്ക്



6-ാം ചരമവാർഷികം
05.11.2024

**ജോർജ്**
**(വർക്കിച്ചൻ)**
**മണ്ണാനിക്കാട്ട്**

മരണം : 05.11.2018

സന്തപ്ത കുടുംബാംഗങ്ങൾ

## പാവനസ്മരണയ്ക്ക്

9-ാം ചരമവാർഷികം (11.11.2024)





**സാലി ടോമി**
**മതുക്കോടിക്കൽ**

ജനനം : 25.11.1970
മരണം : 11.11.2015

സ്നേഹസ്മരണകളോടെ....
കുടുംബാംഗങ്ങൾ

# പാവനസ്മരണയ്ക്ക്

1-ാം ചരമവാർഷികം





## ഏലിക്കുട്ടി വർഗ്ഗീസ്
## ചേന്നപ്പിള്ളിൽ

മരണം: 26.12.2023

പ്രാർത്ഥനകളോടെ....... കുടുംബാംഗങ്ങൾ


# തൊമരക്കാട്ടിൽ

ഹാർഡ്‌വേഴ്സ് 2252128

ഇലക്ട്രിക്കൽസ് 2253601

ഫർണ്ണിച്ചർ ഏജൻസീസ് 2253032


ടൈൽ ഗാലറി 2252190

ഷീറ്റ്സ് & പൈപ്പ്സ് 9847239789



# പാവനസ്മരണയ്ക്ക്

41–ാം ചരമവാർഷികം (18.11.2024)



**കുര്യൻ**

4–ാം ചരമവാർഷികം (13.11.2024)



**അന്നമ്മ കുര്യൻ**

## കുംബ്ലാങ്കൽ

പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ

# പാവനസ്മരണയ്ക്ക്



**2 – ാം ചരമവാർഷികം**
**(20.12.2024)**

## ദേവസ്യ
## കാക്കനാട്ട്

മരണം : 20.12.2022

പ്രാർത്ഥനയോടെ
കുടുംബാംഗങ്ങൾ

# പാവനസ്മരണയ്ക്ക്

3–ാം ചരമവാർഷികം (5.11.2024)





## ബ്രിജിറ്റ് തോമസ്

### മഴുവഞ്ചേരിൽ

മരണം: 05.11.2021

പ്രാർത്ഥനകളോടെ....... കുടുംബാംഗങ്ങൾ

---


**ദീർഘകാലമായി മനസ്സിനേയും**
**ശരീരത്തേയും അലട്ടിക്കൊണ്ടിരിക്കുന്ന അസുഖങ്ങൾക്ക്**

## ഹോമിയോപ്പതിയിലൂടെ പ്രതിവിധി



മുടികൊഴിച്ചിൽ, ചർമ്മരോഗങ്ങൾ
അലർജി/ആസ്ത്മ, തലവേദന/മൈഗ്രേൻ
നടുവേദന/സന്ധിവേദന, ശിശുരോഗങ്ങൾ
പൈൽസ്/ഉദരരോഗങ്ങൾ, മൂത്രാശയ രോഗങ്ങൾ
മഞ്ഞപ്പിത്തം, സ്വഭാവ/പഠന വൈകല്യങ്ങൾ

**Dr. BESTY JOSE** MD (Hom)

Consulting Hrs :
9.30 am to 1.30 pm
3.00 pm to 6.30 pm

ഞായർ അവധി

**Dr. Besty's**
**HOMOEO MEDI CARE**

കോൺവെന്റ് ബിൽഡിംഗ്, തിരുവമ്പാടി

For Booking
7306 736 266
9048 007 653

drbestys
www.drbestys.com

# പാവനസ്മരണയ്ക്ക്

**5–ാം ചരമവാർഷികം (02.11.2024)**





## ത്രേസ്യാമ്മ പോൾ
## ചെമ്പരത്തിയിൽ

**മരണം: 02.11.2019**

പ്രാർത്ഥനകളോടെ.......

കുടുംബാംഗങ്ങൾ


**ഹോമിയോപ്പതി :** പാർശ്വഫലങ്ങളിൽ നിന്നും വിമുക്തമായ സമഗ്ര ചികിത്സാരീതി



**ഡോ. N.S. സന്തോഷ്** BSc. BHMS
Consultant Homoeopath
Mob : 9447 328 028. Email : drsanthoshns@gmail.com

**പരിശോധന സമയം**

**താഴെ തിരുവമ്പാടി**

7.00 am - 12.00 am
7.30 pm - 8.30 pm

**സെന്റ് സെബാസ്റ്റ്യൻസ് ഹോമിയോ ക്ലിനിക് കൂടരഞ്ഞി**

2.00 pm - 7.00 pm



# സ്നേഹസ്മരണയ്ക്ക്



41-ാം ചരമദിനം
(21.11.2024)

**തോമസ് (തൊമ്മച്ചൻ)**

മരണം : 12.10.2024

1-ാം ചരമവാർഷികം
(01.12.2024)



**സി. ജാക്വലിൻ മേരി സി.എം.സി**

മരണം : 01.12.2023

41-ാം ചരമദിനം
(30.11.2024)



**വി.എം. മോനിക്കുട്ടി**

മരണം : 21.10.2024

# തറപ്പിൽ

പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ



രാസപദാർത്ഥങ്ങൾ ചേരാത്ത
ശുദ്ധമായ പാൽ
J.P.S.
PAWAN MILK
J.P.S.
പവൻ മിൽക്ക്
J.P.S. PAWAN MILK
PALAZHI BIO DAIRY FARM Kakkadu P.O., Puthuppady, Calicut Dt., Pin 673 586. Phone: 0495 2511089, 9447158322




Since 1997
■ സ്റ്റേജ്, മണ്ഡപം ഡക്കറേഷൻ
■ ഫ്ളവർ ഡക്കറേഷൻ ■ ലൈറ്റ് സെറ്റിംഗ്
■ ടേബിൾ, ചെയർ ഡക്കറേഷൻ
■ ബുഫേ കൗണ്ടേഴ്സ് ■ എ.സി. & കൂളർ
■ ഫ്യൂണറൽ അറേയ്ഞ്ച്മെന്റ്
■ മോർച്ചറി ഫ്രീസർ, ജനറേറ്റർ....
FINGERS DECORATION & EVENTS
സഹ. ബാങ്കിന് എതിർവശം, തിരുവമ്പാടി,
Ph: 9447 26 24 30, 9645 03 41 11

# സ്നേഹം പകർന്ന ഗുരുനാഥ നിത്യതയിലേക്ക്



**ഡോ. പി.എ. മത്തായി, പുളിയിലക്കാട്ട്**
(അസോ. പ്രൊഫസർ,
അൽഫോൻസ കോളേജ്)

ഏറ്റവും പ്രിയപ്പെട്ട നമ്മുടെ മോനിക്കുട്ടി ടീച്ചറുടെ ദേഹവിയോഗത്തിൽ അഗാധ ദു:ഖവും ഹൃദയം നിറഞ്ഞ അനുശോചനവും അറിയിക്കുന്നു. ആദരാഞ്ജലികളോടെ, ടീച്ചറിന്റെ ആത്മാവിന് നിത്യശാന്തി നേരുവാനും ഈ അവസരം ഉപയോഗിക്കട്ടെ.



നമ്മുടെ ഗുരുഭൂതർ നമ്മുടെ മനസ്സിലും ഹൃദയത്തിലും സ്ഥാനം പിടിക്കുന്നത് അവർ എത്രമാത്രം നമ്മളെ ഉള്ളുകൊണ്ട് സ്നേഹിച്ചു എന്നു നാം തിരിച്ചറിയുമ്പോഴാണ്. അറിവു പകർന്നു തരുമ്പോഴും നമ്മൾ നന്മ നിറഞ്ഞവരാകണം എന്ന ആഗ്രഹത്തോടെ നമ്മെ ശാസിക്കുമ്പോഴോ ശിക്ഷിക്കുമ്പോഴോ, അന്നു നാമതു മനസ്സിലാക്കില്ലെങ്കിലും, പിന്നീടു നമുക്കു തിരിച്ചറിയാനാകും.

തന്റെ വിദ്യാർത്ഥികളെ പ്രിയപ്പെട്ട മക്കളെപ്പോലെ ശാസിക്കുകയും സ്നേഹിക്കുകയും ശിക്ഷണം നൽകുകയും ചെയ്ത ഒരു നല്ല അധ്യാപികയാണ് നമ്മെ വിട്ടുപിരിഞ്ഞ പ്രിയപ്പെട്ട മോനിക്കുട്ടി ടീച്ചർ. മൂന്നു വർഷക്കാലം ഇംഗ്ലീഷും സാമൂഹികപാഠവും പഠിപ്പിച്ചുതന്ന ടീച്ചറിന്റെ പ്രചോദനത്താൽ ഇംഗ്ലീഷ് ഭാഷയോടു താൽപര്യമുണർത്തുവാനും സാമൂഹിക അവബോധത്തിന്റെ വിത്തുകൾ പാകുവാനും ഇടയായിട്ടുണ്ട്.

ടീച്ചറിന് തന്റെ വിഷയങ്ങളിൽ വ്യക്തമായ പാണ്ഡിത്യമുണ്ടായിരുന്നുവെന്നു വിദ്യാർത്ഥികളായ എല്ലാവർക്കും ബോധ്യമുള്ള കാര്യമാണ്. 1979-81 കാലഘട്ടത്തിൽ പഠിപ്പിക്കുമ്പോൾ മോനിക്കുട്ടി ടീച്ചർ ഒരു സീനിയർ അധ്യാപികയായിരുന്നു. തിരുവമ്പാടി ഹൈസ്കൂളിൽ തന്നെയാണ് റിട്ടയർമെന്റു വരെയും ടീച്ചർ സേവനം ചെയ്തത്.

എനിക്കും അതുപോലെ മറ്റനേകം വിദ്യാർത്ഥികൾക്കും എന്നും നല്ല ഓർമ്മകളാണ് ടീച്ചറിനെക്കുറിച്ചുള്ളത്. ക്ലാസ്സിൽ ഒരു കർക്കശ്യക്കാരിയായ അധ്യാപികയായിരുന്നാലും സ്നേഹസമ്പന്നമായ പെരുമാറ്റം ടീച്ചറിന് വിദ്യാർത്ഥികളുടെ ഹൃദയത്തിൽ ഒരു സ്ഥാനം നൽകി. ഞങ്ങൾ പലയാവശ്യങ്ങൾക്കായി സ്റ്റാഫ് റൂമിൽ പോകുമ്പോൾ

പേരുവിളിച്ച് കാര്യം തിരക്കുന്നത് എന്റെ ഓർമ്മയിൽ വരുന്നു. അന്നത്തെകാലത്ത് ശിക്ഷണ നടപടികൾ പ്രത്യേകിച്ച് 'വടിപ്രയോഗം' നിലനിന്നിരുന്നെങ്കിലും വടിയുടെ സഹായമില്ലാതെ തന്നെ വിദ്യാർത്ഥികളുടെ അച്ചടക്കം ഉറപ്പാക്കുവാൻ ടീച്ചറിന്റെ അറിവിനും പ്രാഗത്ഭ്യത്തിനും സാധിച്ചിരുന്നു.

ഒരു അധ്യാപക കുടുംബം തന്നെയായിരുന്നു ടീച്ചറിന്റേത്. ടീച്ചറിന്റെ സഹോദരൻ മത്തായി സാർ യു.പി. സ്കൂളിൽ ഹെഡ്മാസ്റ്റർ ആയിരുന്നു. ടീച്ചറിന്റെ ഭർത്താവ് എം.വി. ജോസഫ് സാറും യു.പി. സ്കൂളിൽ പിന്നീട് ഹെഡ്മാസ്റ്റർ ആയിരുന്നു. ടീച്ചറിന്റെ അനുജത്തി ജാക്വലിൻ മേരി സിസ്റ്ററും എന്റെ ഗുരുനാഥയായിരുന്നു. ഇവർ എല്ലാവരുടേയും ശിഷ്യനാകാൻ കഴിഞ്ഞത് എന്റെ ജീവിതത്തിലെ ഒരു വലിയ ഭാഗ്യമാണ്.

എനിക്ക് വ്യക്തിപരമായി ടീച്ചർ ഒരു പ്രചോദനമായിട്ടുണ്ട്. അതുപോലെ തന്നെ ഞങ്ങളുടെ ഇംഗ്ലീഷ്, സാമൂഹ്യപാഠം അധ്യാപികയായിരുന്ന മതിച്ചിപ്പറമ്പിൽ ത്രേസ്യാമ്മ ടീച്ചറും നൽകിയ പ്രചോദനമാണ് ഭാവിയിൽ ഇംഗ്ലീഷ് ഐച്ഛിക വിഷയമായി എടുത്ത് പഠിക്കുവാനും ഒരു ഇംഗ്ലീഷ് അധ്യാപകനാകുവാനും ഇടയാക്കിയത് എന്നു ഞാൻ നന്ദിയോടെ സ്മരിക്കുന്നു. വളരെ ബുദ്ധിമുട്ടുതോന്നിയ ഇംഗ്ലീഷ് ഗ്രാമറും വൊക്കാബുലറിയും പഠിച്ചെടുക്കണമെന്ന ഒരു വാശിയും എന്നിൽ അങ്കുരിപ്പിച്ചത് ഈ പ്രിയപ്പെട്ട, ആദരണീയരായ ഗുരുക്കന്മാർ ആയിരുന്നു.

പ്രിയപ്പെട്ട മോനിക്കുട്ടി ടീച്ചറിന് ഒരിക്കൽക്കൂടി ആദരാഞ്ജലികൾ അർപ്പിക്കുന്നു; ആത്മാവിന്റെ നിത്യശാന്തിക്കായി പ്രാർത്ഥിക്കുന്നു.

1969 മുതൽ 1988 വരെ തിരുവമ്പാടി ഹൈസ്കൂളിൽ അധ്യാപികയായി സേവനം ചെയ്ത മോനിക്കുട്ടി ടീച്ചർ തറിമറ്റം തറപ്പിൽ കുടുംബാംഗമാണ്. തിരുവമ്പാടി യിൽ എത്തുന്നതിനു മുമ്പ് തൃശൂർ എടത്തുരുത്ത് സെന്റ് ആൻസ് കോൺവെന്റ് ഹൈസ്കൂളിൽ അധ്യാപികയായിരുന്നു. പത്താം ക്ലാസ്സിൽ എന്റെ സോഷ്യൽസയൻസ് ടീച്ചർ ആയിരുന്ന കാലം മുതൽ, കഴിഞ്ഞ 54 വർഷവും ടീച്ചറിന്റെ സ്നേഹവാത്സല്യങ്ങൾ ഒട്ടും കുറയാതെ അനുഭവിക്കാൻ എനിക്കു സാധിച്ചു. രോഗാവസ്ഥയിൽ ആയിരിക്കേ സമയമുള്ളപ്പോഴെല്ലാം ടീച്ചറിനെ വീട്ടിലെത്തി കാണാറുണ്ടായിരുന്നു.

ഒരു പാഠപുസ്തകം പോലും കൈയിൽ ഇല്ലാതെ ക്ലാസിൽ വരുമായിരുന്ന ടീച്ചർ പാഠ പുസ്തകത്തിലെ ഏതു ഭാഗവും ഒരു വാക്കുപോലും വിട്ടു പോകാതെ മനപ്പാഠമായി ക്ലാസ്സിൽ പഠിപ്പിക്കുമായിരുന്നത് വിദ്യാർഥികളായ ഞങ്ങൾക്ക് തികച്ചും അത്ഭുതം തന്നെയായിരുന്നു. താൻ പഠിപ്പിക്കുന്ന

വിഷയങ്ങളിൽ ടീച്ചറിന് അത്രമേൽ ആഴത്തിലുള്ള പാണ്ഡിത്യ വും ഓർമ്മശക്തിയും ഉണ്ടായിരുന്നു. റിട്ടയർമെൻറിനുശേഷം കുറച്ചുകാലം തിരുവമ്പാടി സർവീസ് കോ ഓപ്പറേറ്റീവ് ബാങ്കിന്റെ ഡയറക്ടർ ബോർഡ് മെമ്പറായും ടീച്ചർ സേവനം ചെയ്യുക യുണ്ടായി.

തിരുവമ്പാടി യു.പി. സ്കൂളിൽ പ്രധാനാധ്യാപകനായിരുന്ന എം.വി. ജോസഫ് മാങ്കുഴിയിൽ ആണ് ടീച്ചറിന്റെ ഭർത്താവ്. കറ്റിയാട് കർമ്മലമാതാ യൂണിറ്റിൽ താമസിച്ചിരുന്ന ടീച്ചറും സാറും രണ്ടുമൂന്നു വർഷങ്ങളായി വാലില്ലാപ്പുഴയിൽ മകളുടെ ഭവനത്തിലാണ് താമസിച്ചിരുന്നത്. ഒക്ടോബർ 21 ന് ടീച്ചർ നിര്യാതയായി. ടീച്ചറിന്റെ ധാരാളം ശിഷ്യഗണങ്ങൾ വാലില്ലാപുഴയിൽ നടന്ന മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്ത് ആദരാഞ്ജലികളർപ്പിച്ചു. പ്രിയ ഗുരുനാഥയുടെ സ്മരണക്കു മുമ്പിൽ സ്നേഹ പുഷ്പാഞ്ജലികൾ.

പ്രിയ മോനിക്കുട്ടി ടീച്ചറിനെപ്പറ്റി അനുസ്മരണ സന്ദേശം നൽകിയ ഡോ. പി.എ. മത്തായി സാറിന് നന്ദി അറിയിക്കുന്നു.

**കെ.ടി. ജോസഫ്**

## നിത്യസഹായമാതാവിന്റെ അപേക്ഷ



പരിശുദ്ധ കന്യകേ രക്ഷകന്റെ മാതാവേ എന്റെ അമ്മേ പാപികളുടെയും രോഗികളുടേയും ആശ്രയമേ ത്രിത്വൈക ദൈവത്തിന് ഏറ്റവും പ്രസാദിക്കപ്പെട്ട മാതാവേ ഏറ്റവും കഷ്ടപ്പെടുന്ന പാപിയും രോഗിയുമായ എനിക്കുവേണ്ടി അപേക്ഷിക്കണമെ. അമ്മയോട് അപേക്ഷിക്കുന്നവരെ ഒരുനാളും ഉപേക്ഷിക്കില്ലെന്ന് ഞാൻ വിശ്വസിക്കുന്നു. പാപികളുടെയും രോഗികളുടെയും ആശ്വാസത്തിനായി ത്രിത്വൈക ദൈവത്തിൽ നിന്ന് അമ്മയ്ക്ക് വിശേഷവിധിയായി കിട്ടിയിട്ടുള്ള വരദാനങ്ങൾ ഉപയോഗിക്കണമെ എന്റെ ഈ പ്രത്യേക ആവശ്യവും മറ്റ് ആവശ്യങ്ങളും സാധിക്കുന്നതിനും ആശ്വാസത്തിനായി പ്രത്യേകമായി അമ്മയുടെ സഹായം ഞാനപേക്ഷിക്കുന്നു
പരിശുദ്ധകന്യകേ, രക്ഷകന്റെ അമ്മേ, എന്റെ സ്നേഹം നിറഞ്ഞ അമ്മേ, ഈ അനുഗ്രഹത്തെ എപ്പോഴും ഞാനോർക്കുമെന്നും അമ്മയുടെ സ്തുതികളെ മറ്റുള്ളവരെ അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമ്മേൻ **(വിശ്വാസി)**

# ഭൂമിയിൽ സന്മനസ്സുള്ളവർക്കു സമാധാനം



കെ.ടി. ജോസഫ്

മഞ്ഞിൻ കുളിരിൽ തണുത്തുറഞ്ഞ ബദ്‌ലഹേം മലഞ്ചെരുവിലെ കാലിത്തൊഴുത്തിൽ, പ്രപഞ്ചാധിനാഥനായവൻ, എളിമയുടെയും ലാളിത്യത്തിന്റെയും നവ്യ സുവിശേഷവുമായി, പുതു ലോകത്തിന്റെ ദിവ്യപ്രകാശധാരയായി തിരുവവതാരം ചെയ്തതിന്റെ, കാല ദേശങ്ങളെ അതിജീവിക്കുന്ന പുണ്യ ദിനം – ക്രിസ്മസ്'!



ഒരു പിറവിത്തിരുനാൾ കൂടി ആഘോഷിക്കാനായി പ്രപഞ്ചത്തോടും പ്രകൃതിയോടും സകലമനുഷ്യരോടും ഒപ്പം നാം സജ്ജരാകുമ്പോൾ, നമ്മുടെ ഹൃദയങ്ങളെ തൊട്ടുണർത്തുന്ന സമാധാനത്തിന്റെ ആ മന്ത്രധ്വനി – **ഭൂമിയിൽ സന്മനസുള്ളവർക്കു സമാധാനം** – ശ്രവിക്കാനും സ്വാംശീകരിക്കാനും പുണ്യ പ്രവൃത്തികളാൽ നമ്മുടെ ആത്മാവിനെയും ശരീരത്തെയും നമുക്ക് ഒരുക്കിയെടുക്കാം.


ജി.എസ്. കൽജോവ് എന്ന സ്പാനിഷ് കഥാകാരന്റെ 'ദ സെക്കൻഡ് കമിങ്'. എന്ന് കഥയുടെ ആശയം ഇങ്ങനെ; –യേശുവിന്റെ ജനനത്തിനും മരണത്തിനും ഉത്ഥാനത്തിനുമെല്ലാം ശേഷം, പഴയ സത്രം ഉടമകൾ ഒരു തീരുമാനമെടുത്തു. പണ്ട് സത്രത്തിൽ യേശുവിന് പിറക്കാൻ സ്ഥലം കൊടുക്കാതിരുന്നത് ആണല്ലോ വലിയ മാനക്കേട് വരുത്തിയത്. 'ഇത്തവണ അതിന് പരിഹാരമായി ക്രിസ്മസ് വലിയ കാർണിവലായി ആഘോഷിക്കണമെന്ന് തീരുമാനിച്ചു. മനോഹരമായ പുൽക്കൂടുകളും കൊടി തോരണങ്ങളും അലങ്കാര ദീപങ്ങളും കൊണ്ട് അവർ ബെദ്‌ലഹേമിനെ അത്യധികം ആകർഷകമാക്കി.' ഈ ആഘോഷങ്ങളിൽ പങ്കെടുക്കാനായി പല രാജ്യങ്ങളിൽ നിന്നും ധാരാളം വിശിഷ്ടാതിഥികൾ എത്തിച്ചേർന്ന് നേരത്തെ തന്നെ അവർ താമസസ്ഥലം ഉറപ്പിച്ചു.

ക്രിസ്മസിന്റെ തലേരാത്രിയിൽ, കീറിപ്പറിഞ്ഞ പുറം കുപ്പായമണിഞ്ഞ ഒരു സാധു വഴിപോക്കൻ തണുത്തുവിറച്ച് എല്ലാ വാതിലുകളിലും പ്രതീക്ഷയോടെ മുട്ടി. സത്രം ഉടമകൾക്ക് പശ്ചാത്താപവും മന:പരിവർത്തനവും ഉണ്ടായതിനാൽ താമസിക്കാൻ ഇടം കിട്ടുമെന്ന് പ്രതീക്ഷിച്ചു. പക്ഷേ എല്ലാ വാതിലുകളിലും നിന്ന് ഒരേ ഉത്തരം ലഭിച്ചു: 'ഇവിടെ വലിയ ഒരു ആഘോഷം നടക്കുകയാണ്, എല്ലാ മുറി

കളും ഒരാഴ്ച മുമ്പേ നിറഞ്ഞു കവിഞ്ഞതാണ്' 'അതിനാൽ ഒരു നിവൃത്തിയുമില്ല'. നിരാശനായി ഇരുട്ടിലേക്ക് തിരിഞ്ഞു നടക്കുന്ന ആ വഴിപോക്കന്റെ ചുറ്റും ഒരു പ്രഭാവലയം സഞ്ചരിക്കുന്നതു തിരിച്ചറിഞ്ഞ അവസാനത്തെ സത്രം ഉടമ "**അത് യേശുവാണ്**" എന്ന് പറയുമ്പോഴേക്കും ആ വഴിയാത്രക്കാരൻ അപ്രത്യക്ഷനായി കഴിഞ്ഞിരുന്നു.

പ്രിയപ്പെട്ടവരെ, നമ്മുടെ വാതിൽക്കൽ വന്നു മുട്ടുന്ന യേശുവിനെ തിരിച്ചറിയാൻ നമുക്ക് കഴിയുന്നുണ്ടോ? തിളങ്ങുന്ന കുപ്പായവും ചുവന്ന മേലങ്കിയും ധരിച്ച് കയ്യിൽ അധികാര ചെങ്കോലും തലയിൽ കിരീടവും അണിഞ്ഞ യേശുവിനെയാണോ നാം പ്രതീക്ഷിക്കുന്നത്. മനസ്സ് തകർന്നവനായി, ദാരിദ്ര്യം അനുഭവിക്കുന്നവനായി, രോഗിയായി, കിടപ്പാടം ഇല്ലാത്തവനായി, സ്നേഹിക്കാൻ ആളില്ലാത്തവനായി, വാതിലിൽ മുട്ടുന്നത് യേശു തന്നെയാണ് എന്നു തിരിച്ചറിഞ്ഞാൽ മാത്രമേ മാലാഖമാർ പാടിയ 'ഭൂമിയിൽ സന്മനസ്സുള്ളവർക്ക് സമാധാനം' എന്ന ശാന്തി ഗീതം നമുക്ക് അനുഭവവേദ്യമാകൂ. ബെദ്ലഹേമിലെ കാലിത്തൊഴുത്തിൽ അലയടിച്ചുയർന്ന ആ ശാന്തി ഗീതവും, ആട്ടിടയന്മാർ അനുഭവിച്ച ആത്മനിർവൃതിയും മഞ്ഞുതുള്ളികളുടെ നനുത്ത കുളിർ സ്പർശവും ദിവ്യ നക്ഷത്രത്തിന്റെ പ്രകാശധാരയും നമ്മുടെ ഹൃദയങ്ങളെ തരളിതമാക്കട്ടെ.

ഹൃദയനാദത്തിന്റെ അനുവാചകർക്കും എല്ലാ ഇടവകാംഗങ്ങൾക്കും ക്രിസ്മസിന്റെയും പുതുവർഷപ്പിറവിയുടെയും സ്നേഹ മംഗളാശംസകൾ.



## വി. ചാവറയച്ചന്റെ മധ്യസ്ഥതയിൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ

മേരിക്കുട്ടി

# വിവാഹിതരായി

1. തേവർകുന്നേൽ ജോർജ് -നൈസ് മകൻ **മിഥുനും** ചക്കിട്ടപ്പാറ ഇടവക കൊക്കപ്പുഴ കുര്യൻ - ഷേർലി മകൾ **അലീനയും** 02.09.2024ന് വിവാഹിതരായി.

2. തൊഴാല ജോർജ് -ഫിലോമിന മകൻ **മാർട്ടിനും** സീതാമൗണ്ട് ഇടവക പൊട്ടക്കൽ ജോർജ് - ജെസി മകൾ **അലീനയും** 16.09.2024ന് വിവാഹിതരായി.

# നവമുകുളങ്ങൾ

1. കളപ്പുരക്കൽ റിന്റോ - നീതു മകൾ **ഇവ ട്രീസാ**
   ജനനം 03.04.2024 മാമ്മോദീസ 26.08.2024

2. തുരുത്തിയിൽ ആൽബിൻ - ഡെൽന മകൾ **ആൽഫൈൻ**
   ജനനം 05.03.2024 മാമ്മോദീസ 09.09.2024

3. കുഞ്ഞാപറമ്പിൽ ജസ്റ്റിൻ - അനു മകൻ **ഹയാൻ**
   ജനനം 27.06.2024 മാമ്മോദീസ 09.09.2024


4. മണിയങ്കേരിൽ സുനീഷ് - ഹരിത മകൾ **എവ്‌ലിൻ മരിയ**
   ജനനം 26.03.2024 മാമ്മോദീസ 14.09.2024

5. ചാലാമഠത്തിൽ അനീഷ് - മെർലിൻ മകൾ **എസ്ത റോസ്**
   ജനനം 20.06.2024 മാമ്മോദീസ 21.09.2024

6. തൊമരക്കാട്ടിൽ മിഥുൻ - റെജിൻ മകൾ **മിഷേൽ**
   ജനനം 04.04.2024 മാമ്മോദീസ 21.09.2024

7. കണ്ടത്തുംതൊടുകയിൽ ആഡ്‌ലിൻ - അനീറ്റ മകൻ **തോമസ്**
   ജനനം 20.04.2024 മാമ്മോദീസ 28.09.2024

8. കുളമാലയിൽ സാലസ് - ബബിത മകൻ **നഥാനിയേൽ**
   ജനനം 13.04.2024 മാമ്മോദീസ 02.10.2024



# നിത്യസമ്മാനത്തിനായി



**തങ്കമ്മ ജോസഫ്**
**മുണ്ടത്താനത്ത്**
മരണം: 16.09.2024



**ഗ്രേസി ജോസ്**
**മുക്കിലിക്കാട്ട്**
മരണം: 03.10.2024



**തോമസ് തറപ്പിൽ**
മരണം: 12.10.2024



**ത്രേസ്യാമ്മ ആമക്കാട്ട്**
മരണം: 06.10.2024



**മോനിക്കുട്ടി**
**മാങ്കുഴിയിൽ**
മരണം: 21.10.2024



**സെബാസ്റ്റ്യൻ**
**മുണ്ടക്കൽ**
മരണം: 04.09.2024

**ഈ പ്രിയപ്പെട്ടവരുടെ പാവനസ്മരണക്കു മുമ്പിൽ തിരുവമ്പാടി ഇടവകാ സമൂഹം ആദരാഞ്ജലികളർപ്പിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.**

# വചനം അനുദിന വായനയ്ക്ക്

## 2024 നവംബർ

| | | |
|---|---|---|
| 1 | വെ | ലൂക്കാ 11:45-54, 2കോറി 12:14-15, 10:19-21 |
| 2 | ശ | മത്താ 13:34-43, യോഹ 11:17-27 എസെ 37:1-14 |
| 3 | ഞാ | മത്താ 25:1-13, ഹെബ്രാ 9:1-14 പുറ 33:1-11 |
| 4 | തി | യോഹ16:16-24, 2 കോറി 4:13-18 |
| 5 | ചൊ | ലൂക്കാ 15:11-24, 2 കോറി 5:1-5 |
| 6 | ബു | യോഹ 21:15-19, 1 പത്രോ 5:1-4 |
| 7 | വ്യാ | മത്താ 8:5-12, എഫേ 3:1-6 |
| 8 | വെ | മത്താ 21:28-32, എഫേ 6:1-9 |
| 9 | ശ | ലൂക്കാ 10:25-37, റോമ 12:9-18 |
| 10 | ഞാ | മത്താ 19:23-30, 1 പത്രോ 1:3-7 പുറ 6:1-8 |
| 11 | തി | മത്താ 16:13-20, കൊളോ 1:12-20 |
| 12 | ചൊ | ലൂക്കാ 9:28-36, 2 പത്രോ 1:12-21 |
| 13 | ബു | മത്താ 22:1-14, വെളി 19:1-10 |
| 14 | വ്യാ | യോഹ 3:22-30, 2 കോറി 11:1-4 |
| 15 | വെ | യോഹ 3:21-36, 2 കോറി 12:1-5 |
| 16 | ശ | മത്താ 19:13-15, വെളി 22:1-5 |
| 17 | ഞാ | മത്താ 25:14-30, 2 തെസ 3:6-15 ഉൽപ 19:15-30 |
| 18 | തി | മർക്കോ 12:38-34, 1 കോറി 13:1-10 |
| 19 | ചൊ | ലൂക്കാ 16:1-13, 1 കോറി 4:1-5 |
| 20 | ബു | ലൂക്കാ 16:13-17, 1 കോറി 6:1-11 |
| 21 | വ്യാ | മത്താ 13:10-23, കൊളോ 1:3-11 |
| 22 | വെ | യോഹ 15:1-8, ഹെബ്രാ12:4-13 |
| 23 | ശ | യോഹ 17:1-8, 2 തിമോ 4:1-8 |
| 24 | ഞാ | യോഹ 18:33-37, വെളി 19:11-16 ഉത്പ 14:17-24 |
| 25 | തി | യോഹ 14:1-14, എഫേ 2:14-22 |
| 26 | ചൊ | യോഹ 10:7-16, 1 പത്രോ 2:1-10 |
| 27 | ബു | ലൂക്കാ 1:46-55, എഫേ 1:3-12 |
| 28 | വ്യാ | ലൂക്കാ 10:17-21, ഹെബ്രാ 13:9-16 |
| 29 | വെ | മർക്കോ 12:18-27, വെളി7:9-12 |
| 30 | ശ | യോഹ 4:19-26, വെളി 21:22-27 |

## 2024 ഡിസംബർ

| | | |
|---|---|---|
| 1 | ഞാ | ലൂക്കാ 1:5-25, എഫേ 5:21-6:4 ഉത്പ 17:15-22 |
| 2 | തി | ലൂക്കാ 9:37-43 എ, ഗല 3:9-14 |
| 3 | ചൊ | ലൂക്കാ 1:18-20, റോമാ 13:8-14 |
| 4 | ബു | യോഹ 8:26-30, 1 കോറി 1:4-9 |
| 5 | വ്യാ | മത്താ 24:45-51, തിമോ 4:11-16 |
| 6 | വെ | മത്താ 13:12-17, കൊളോ 3:1-10 |
| 7 | ശ | ലൂക്കാ 9:57-62, ഗലാ 3:1-9 |
| 8 | ഞാ | ലൂക്കാ 1:26-38, കൊളോ 4:2-6 ഏശ 43:25-44, സംഖ്യ 22:20-35 |
| 9 | തി | യോഹ 14:11-14, എഫേ 4:13-16 |
| 10 | ചൊ | ലൂക്കാ 10:21-24, തെസ 5:5-11 |
| 11 | ബു | ലൂക്കാ 1:34-38, എഫേ1:3-12 |
| 12 | വ്യാ | ലൂക്കാ 1:39-45, റോമ 12:9-18 |
| 13 | വെ | ലൂക്കാ 1:46-56, 2 കോറി 8:11-15 |
| 14 | ശ | ലൂക്കാ 11:33-36, ഹെബ്രാ 3:12-19 |
| 15 | ഞാ | ലൂക്കാ 1:57-66, എഫേ 3:1-13 |
| 16 | തി | ലൂക്കാ 6:43-45, 1 കോറി 5:1-8 |
| 17 | ചൊ | മത്താ 3:1-6, 1 കോറി 5:1-8 |
| 18 | ബു | ലൂക്കാ 16:10-13, 1 തെസ 2:13-17 |
| 19 | വ്യാ | ലൂക്കാ 1:67-79, ഗലാ 3:26-29 |
| 20 | വെ | മർക്കോ 1:1-8, കൊളോ 1:10-16 |
| 21 | ശ | യോഹ 3:31-36, ഗലാ 1:11-17 |
| 22 | ഞാ | മത്താ 1:18-24, എഫേ 5:5-21 ഉത്പ 24:50-67 |
| 23 | തി | യോഹ 1:1-5, എഫേ 6:18-20 |
| 24 | ചൊ | യോഹ 1:6-13, ഗലാ 4:1-7 |
| 25 | ബു | ലൂക്കാ 2:1-20, ഗലാ 3:15-4:5 ഏശ 7:10-16, 9:1-3,6-7 |
| 26 | വ്യാ | മത്താ 12:43, ഹെബ്രാ 5:11-14 |
| 27 | വെ | മത്താ 9:27-31, കൊളോ 1:1-9 |
| 28 | ശ | യോഹ 1:19-29, 1 യോഹ 2:26-29 |
| 29 | ഞാ | മത്താ 2:1-12, ഗലാ 4:21-5:1 ഉത്പ 21:9-21, 1 സാമു 1:21-28 |
| 30 | തി | യോഹ 8:12-19, 1 യോഹ 3:11-17 |
| 30 | ചൊ | യോഹ 13:316-35, 2 കോറി 1:18-22 1 തിമോ 6:6-12 |


Success Garten continues its legacy in IELTS, OET, PTE & TOEFL
Great OET results of the first 3 quarters of 2K24
Garten OET Medicine Perfect B Club
Dr Dilshana Parveen
NIT
L-B, R-B, W-B, S-B
Garten OET Pharma Perfect B Club
Jumana K.K.
Pandikkad
L-B, R-B, W-B, S-B
Garten OET Garten OET Nursing Perfect B Club
Aksa Merin Saji
Thekkumkutti
L-B, R-B, W-B, S-B
Aleena Jilson
Koombara
L-B, R-B, W-B, S-B
Aleena Renny
Kodenchery
L-B, R-B, W-B, S-B
Alina Mariya Augusty
Chempanoda
L-B, R-B, W-B, S-B
Amala Mathew
Taliparamba
L-B, R-B, W-B, S-B
Angel Blessy George
Pulpally
L-B, R-B, W-B, S-B
Anitta George,
Kodenchery
L-B, R-B, W-B, S-B
Anu Francis
Kodenchery
L-B, R-B, W-B, S-B
ANU M.P.
Koodaranji
L-B, R-B, W-B, S-B
Anvin Shaju
Mananthavady
L-B, R-B, W-B, S-B
Ashlin Jose
Thiruvambady
L-B, R-B, W-B, S-B
Ashly Abraham
Sulthan Bathery
L-B, R-B, W-B, S-B
Aswathi K.Sudheer
Nilambur
L-B, R-B, W-B, S-B
Blessna Joshy
Alakkode
L-B, R-B, W-B, S-B
Delna Thomas
Pulpally
L-B, R-B, W-B, S-B
Dona V. Tom
Kudiyanmala
L-B, R-B, W-B, S-B
Irene Treesa Jose
Thiruvambady
L-B, R-B, W-B, S-B
Jilu Vijayan
Koduvally
L-B, R-B, W-B, S-B
Joicy Kurian
Mannarkad
L-B, R-B, W-B, S-B
Josmi Jose
Koodarenhi
L-B, R-B, W-B, S-B
Josna Jose
Kooderanhi
L-B, R-B, W-B, S-B
Maneesha Martin
Kasaragod
L-B, R-B W-B, S-B
Megha Lal
Kannur
L-B, R-B, W-B, S-B
Nessy Mathew
Kodenchery
L-B, R-B, W-B, S-B
Sandra Prince
Pullorambara
L-B, R-B, W-B, S-B
Sona Varghese
Kalpetta
L-B, R-B, W-B, S-B
Teena Cyriac
Anakkampoyil
L-A, R-B, W-B, S-B
Treesa Maria Shibu
Thiruvambady
L-B, R-B, W-B, S-B
Vismaya Reghu
Kooderanhi
L-B, R-B, W-B, S-B
Success Garten®
14 Years of Linguistic Odyssey
Mathichiparambil Edifice, Thiruvambady.
Mob : 9447814774, 8590038240
Official partner of
idp | IELTS
BRITISH COUNCIL
CAMBRIDGE UNIVERSITY PRESS


വിവാഹം എന്നും
പുതുമകളുടേതാണ്
അപ്പോൾ വിവാഹവസ്ത്രങ്ങളും
അങ്ങനെതന്നെയാവണമല്ലോ!
69
Promising Years
Jose Brothers
WEDDING CENTRE
4US PLAZA
Jose Brothers
Jose Brothers
WEDDING CENTRE
4US Plaza, THIRUVAMBADY
Mob : 9745 788 500